ജി.എം.എൽ.പി.എസ്. കുറ്റിപ്പാല



# ഓലഞ്ഞാലി

കൈയെഴുത്തു മാസിക.

2026

# ആമുഖം

ഞങ്ങളുടെ വിദ്യാലയത്തിലെ കൊച്ചു-കൂട്ടുകാരുടെ സ്വപ്നങ്ങളും ചിന്തകളും വർണ്ണാഭമായ രചനകളും ഒത്തുചേർന്ന ഓലഞ്ഞാലിയിലേക്ക് ഏവർക്കും സ്വാഗതം. ഇസ്കൂളിലെ പാഠങ്ങൾക്കപ്പുറം ഒന്നുമുതൽ അഞ്ചാംക്ലാസ് വരെയുള്ള കുഞ്ഞുങ്ങളുടെ സർഗ്ഗാത്മകതയുടെ പ്രകാശനമാണ് ഈ മാസിക. കഥയും കവിതയും കുഞ്ഞുപാട്ടുകളും ചിത്രങ്ങളും അനുഭവക്കുറിപ്പും നിറയുന്ന ഈ താളുകളിൽ, കുട്ടികളുടെ ചിന്തയുടെ വിവിധ തലങ്ങൾ ദർശിക്കാം. കുഞ്ഞുങ്ങളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാനും അവരുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിലൂടെ ആത്മവിശ്വാസം വളർത്താനും കൂടുതൽ രചനകൾ നടത്താനും ഈ മാസിക പ്രസിദ്ധീകരിക്കുന്നതിലൂടെ കഴിയട്ടെ.

ഈ കൈയ്യെഴുത്തുമാസിക യാഥാർത്ഥ്യമാക്കാൻ ഞങ്ങളെ സഹായിച്ച എല്ലാ അധ്യാപകർക്കും പ്രിയപ്പെട്ട കൂട്ടുകാർക്കും രക്ഷിതാക്കൾക്കും നന്ദി...

സ്നേഹത്തോടെ,

ശാലിനി. പി.എസ്.

സ്റ്റാഫ് എഡിറ്റർ.

# എഡിറ്റോറിയൽ ബോർഡ്

1. ഫാത്തിമ ബാദിയ - 5B
2. റിഷ്ദ റഹ്മാൻ - 5C
3. ഹാദി മുഹമ്മദ് - 5A
4. ഫാത്തിമ ഹാജ്റ - 4A
5. ആയിഷ ഷിഫ്ന - 4B
6. ദാനിയ - 5B
7. ഫാത്തിമ ലിൻഷ - 5C
8. ക്ലാസ് അധ്യാപകൻ

# ഉൾത്താളുകളിൽ.

| ക്രമ നമ്പർ | രചന | രചയിതാവ് | ക്ലാസ് | പേജ് നമ്പർ |
|---|---|---|---|---|
| | കുട്ടിവരകൾ. | | | |
| 1 | പൂമ്പാറ്റ. | ഫാത്തിമ ഹന്ന. | 2A | 10 |
| 2 | പടം. | ആദിഷ് അലി. P.T | 1B | 11 |
| 3 | മാമ്പഴം | നദ. ഫമി. | 1B | 11 |
| 4 | പൂമ്പാറ്റ. | മാഷിത്ത മെഹ്റിൻ. | 1B | 14. |
| 5 | പടം | റിഫാന ഫാത്തിമ. | 1B | 17 |
| 6 | മീനുകൾ | ആയിഷ മർവ. | 1B | 17 |
| 7. | പറവുംപടം. | ഫാത്തിമ. റഫ P. | 1B | 22 |
| 8 | എന്റെ തത്തമ്മ | ആദി റസാൻ. | 1A | 33 |
| 9 | പടം. | ഹിന ഷെഹ്‌ലിൻ | 1A | 39 |
| 10 | മഴവിൽ | ഷിഫ്‌ലിൻ | 1A | 401 |
| 11 | മഴ | ഷഹന തെസ്നി | 5.C | 43. |
| 12 | കുഞ്ഞുവീട് | ആയിഷ ഷിഫ്ന. | 3.C | 52. |
| 13 | കുഞ്ഞു പൂമ്പാറ്റ | ഷൈഹ | 3A | 53. |
| 14 | താമര | ഫാത്തിമ ഹന്ന. | 1A | 57 |
| 15 | കൂട്ടുകാരി | ഫാത്തിമ ഹൈറ. | 1A | 64 |
| | | | | |
| | കഥ. | | | |
| 16 | മിന്നാമിനുങ്ങിയും ആനയും | ഫാത്തിമ മർവ | 1B | 13 |
| 17 | കരടിയുടെ ചെണ്ട. | മുഹമ്മദ് മിൻഹാൻ | 1B | 14 |
| 18 | രാമുവിന്റെ വികൃതി | മുഹമ്മദ് അസ്‌ലം | 5C | 21. |
| 19 | പൂമ്പാറ്റയും വണ്ടും | ഫാത്തിമ റഫ | 1B | 22 |
| 20 | മനുവിന്റെ കൂട്ടുകാർ | ഫാത്തിമ ഹാദിയ. | 4A | 27 |
| 21 | മിന്നിയും കിങ്ങിണിപ്പൂച്ചയും | മുഹമ്മദ് റാഹിൽ | 1A | 28 |
| 22 | കുറുക്കനും മുന്തിരിയും | ശ്രീലാൽ | 5C | 37. |
| 23 | മധുരമുള്ള മാമ്പഴം | അനഘ. I.P | 2A | 38 |
| 24 | ഒരു മനോഹരമായ കഥ | ഹന ഫാത്തിമ | 5C | 43. |
| 25 | കുരങ്ങനും മുതലയും | ഫാത്തിമ റൻഹ. | 4A | 50 |
| 26 | അനാഥയായ പെൺകുട്ടി | ഫാത്തിമ മിൻഹ | 5C | 55. |
| 27 | ചോണനും മണിയനും | ഹാദിൽ മുറാദ് | 3B | 58 |

| നമ്പർ | രചന | രചയിതാവ് | ക്ലാസ് | Page No. |
|---|---|---|---|---|
| 28 | അമ്മൂമ്മയും പൂമ്പാറ്റകളും | ഫാത്തിമ സിദ | 4A | 59 |
| 29 | വിശ്വസ്വപ്നം | ഫാത്തിമ ഷഹനാ | 4B | 63 |
| 30 | സുഹൃത്ത് ബന്ധം | ഫാദി മുഹമ്മദ് | 5A | 67. |
| 31 | മാന്ത്രികപ്പൂവ്. | ഫാത്തിമ ഹിബ. | 5B | 71. |
| | | | | |
| | കവിത | | | |
| 32 | മഴവില്ല് | മുഹമ്മദ് നബീൽ. | 2A | 15 |
| 33 | മാലാഖ നിറം | ആഷ്മിക CT | VB | 16 |
| 34 | പൂമ്പാറ്റ | മിൻഹ | 1B | 30 |
| 35 | വർഷകാലം | റിഷ്ദ നസ്റാൻ | 5C | 32 |
| 36 | മഴപ്പാട്ട് | ഫാത്തിമ | 5C | 35 |
| 37 | മഴവന്നു | ഫാത്തിമ മിൻഹ | 5C | 46 |
| 38 | എന്റെ വിദ്യാലയം | ഹസ ഫാത്തിമ. | 3A | 51 |
| 39 | The teacher | ജന്നത്ത് ഫാത്തിമ | 5B | 23 |
| 40 | Happy | നസ്മ റഹാൻ | 5B | 70 |
| 41 | The quiet things | ഫാത്തിമ വാഫിയ. | 5B | 31. |
| 42 | സ്വാതന്ത്ര്യം | അബ്ദുസ്സലാം കാടി (ഓഫീസ് സ്റ്റാഫ്) | | 74 |
| 43 | മഴ | ഷബ്നാസ് പി. കെ (അധ്യാപിക) | | 75 |
| 44 | മനോഹരമഴ. | (ശിഫ്ന തൊടെന്റെ (അധ്യാപിക) | | 76 |
| 45 | താരാട്ട | കുട്ടമ്മൂർ റാഷിദ് [അധ്യാപകൻ] | | 77 |
| 46 | A teacher's light | Rഹീന അജ്മലുന്റ് [അധ്യാപിക] | | 78 |
| 47 | അനുഭവങ്ങൾ | ഷാജിനി പി. മെറി [അധ്യാപിക] | | 79. |
| 48 | Short poems | ഫാത്തിമ വാഫിയ. | 5B | 62 |
| 49 | കൊറോണ | ഫാത്തിമ ഷിഫ | 5B | 20 |
| 50 | അമ്മ | നന ഫാത്തിമ. | 5C | 36 |
| 51 | നിങ്ങൾക്ക് വേണ്ടത് ആരാണ്: | നിസാർ മണ്ണാരിൽ (Teacher) | | 79A |
| 52 | സ്വാതന്ത്ര്യവും | റസീന. (അധ്യാപിക) | | 79B |
| 53 | വിദ്യാലയത്തിന്റെ സ്വപ്നം | ഷിജി. R (അധ്യാപിക) | | 79C |
| 54 | കൂട്ട് | അനസൂയ (അധ്യാപിക) | | 79D |
| 55 | അക്ഷരമാല | | | |

| ക്രമ നമ്പർ | രചന | രചയിതാവ് | ക്ലാസ് | പേജ് നമ്പർ |
|---|---|---|---|---|
| | യാത്രാവിവരണം. | | | |
| 55 | ഒരു കൊടൈക്കനാൽ യാത്ര | മുഹമ്മദ് സഫാദ് P.T | 1B | 18 |
| 56 | ഞാൻ കണ്ട കാഴ്ചകൾ | ഫാത്തിമ ഷിഫ്‌ല. | 1B | 42 |
| 57 | യാത്രാവിവരണം | റിഷ്ദ റഹ്മാൻ. | 5C | 45 |
| 58 | മഞ്ഞ് മലകളിലേക്കൊരു യാത്ര | ആയിഷ ബാവി. | 4B | 49 |
| 59 | ആകാശയാത്ര | റഷ്ദാൻ. | 4.B | 61 |
| 60 | മലമ്പുഴയിലേക്കൊരു യാത്ര. | സിഹ റൈഹ. | 5C | 65 |
| 61 | മൈസൂരിലേക്ക് | അജ്മൽ ഷഹ്‌ല P.K. | 3C | 69 |
| 6 | നിരീക്ഷണം. | | | |
| 62 | The kind little star. | ഫാത്തിമ സജ. | VIB | 19 |
| | വായനക്കുറിപ്പ് / ഓർമ്മക്കുറിപ്പ്. | | | |
| 63 | എന്റെ വായനക്കുറിപ്പുകൾ | ദാനിയ. | 5.B | 12 |
| 64 | ഓർമ്മകളിൽ കുട്ടിക്കാലം | ജിഷ. O.K. (അധ്യാപിക) | | 72 |
| | ലേഖനം. | | | |
| 65 | ബഹിരാകാശ ശാസ്ത്ര-ചിന്തകൾ | ഫാത്തിമ സന്ന | 5C | 25. |
| 66 | ഇടങ്ങൾ | ഹർഷ ഫാത്തിമ. | 5B | 29 |
| 67 | ഇടങ്ങൾ | മുഹമ്മദ് നാസിം. | 5C | 48 |
| 68 | Major Dramas - Shakespeare | ഫാത്തിമ റഷ | 5B | 34 |
| 69 | ഭാരതം | ദാനിയ. | 5B | 40 |
| 70 | കാർട്ടൂൺ - ചിത്രവിശേഷം. | ഫാത്തിമ സന. P. | 5C | 44 |
| 71 | മലയാള സാഹിത്യകാരന്മാർ | നുഷ്‌വ നൂറാൻ | 5B | 47 |
| 72 | ചില കണ്ടുപിടുത്തങ്ങൾ | ഫാത്തിമ തസ്നി | 5C | 54 |
| 73 | കവിതാശകലങ്ങൾ | ഫാത്തിമ സജ. | 5B | 60 |
| | | | | |
| | | | | |
| | ചിത്രരചന [പെൻസിൽ]. | | | |
| 74 | ഫാത്തിമ റഷ | | 5B | 80 |
| 75 | ഫാത്തിമ റമീസ. | | 4A | 81 |
| 76 | നഹ്മ റഷീദ്. | | 5B | 82 |
| 77 | സിനാൻ. M.K | | 5B | 83 |

| ക്രമ നമ്പർ | കളിക്കാർ | | ക്ലാസ് | പേജ് നമ്പർ |
|---|---|---|---|---|
| 78 | ഫാത്തിമ തസ്നിം | | 5C | 84 |
| 79 | ഫാത്തിമ റിദ | | 4A | 85 |
| 80 | മുഹമ്മദ് മുസമ്മിൽ | | 2A | 86 |
| 81 | സുഹൈബ് | | 5C | 87 |
| 82 | മുഹമ്മദ് ഹാരിസ് | | 4B | 88 |
| | | | | |
| | ചിത്രരചന | [ക്രെയോൺ , ജലച്ചായം, അക്രിലിക്] | | |
| | | | | |
| 83 | ഹാദി ഹസൻ | | 1A | 89 |
| 84 | ഇഹാൻ ഹസൻ | | 3B | 90 |
| 85 | ഹൈമിക | | 2A | 91 |
| 86 | മുഹമ്മദ് റിഷിൻ | | 5B | 92 |
| 87 | ആയിഷ ഫാരിഷ | | 2A | 93 |
| 88 | ഇന ഫാത്തിമ | | 5B | 94 |
| 89 | ഫർഹ ഫാത്തിമ | | 5B | 95 |
| 90 | ആൻവിക CT | | 5B | 96 |
| 91 | ഫാത്തിമ റന | | 1B | 97 |
| 92 | ഇന ഫാത്തിമ | | 2B | 98 |
| 93 | മുഹമ്മദ് സഹീദ് | | 5C | 99 |
| 94 | മുഹമ്മദ് ഷാമിൽ | | 5C | 100 |
| 95 | മുഹമ്മദ് ഹാനിൽ | | | 101 |
| 96 | ഫാത്തിമ നഷ്വ | | 1B | 102 |
| 97 | ഫാത്തിമ നൗറിൻ | | 4A | 103 |
| 98 | ഫാത്തിമ ഹംദ | | 1B | 104 |
| 99 | സിയാൻ . | | 3B | 105 |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

C.C SAHIRA
**President**
Perumanna Klari Grama Panchayath
Klari P.O, 676 501
**Mob: 9496 047 934**

പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിലെ
കുറ്റിപ്പാല G.M.L.P. സ്കൂളിലെ കുട്ടികൾ
Fine വരുന്ന പഠനത്തിന്റെ ഭാഗമായി തയ്യാറാ-
ക്കിയ തോലണ്ണാലി എന്ന കയ്യെഴുത്ത് മാസിക
പ്രകാശനം ചെയ്യുന്നതിൽ എല്ലാ വിധ സന്തോ-
ഷവും തോന്നുന്നതോടൊപ്പം കുട്ടികളുടെ
കഴിവും വാസനയും പ്രകടമാവുന്ന ഈ മാസി-
കക്ക് പിന്നിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ഉയര-
ങ്ങളിൽ എത്താൻ കഴിയട്ടെ എന്ന് ആ-
ശംസിക്കുന്നു.

C.C SAHIRA
President
Perumanna Klari Grama Panchayat
Klari P.O., Pin: 676 501

Chathencheri House, Klari P.O., 676501, Malappuram Dt, Mob: 9495859174

# പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത്

ക്ലാരി പി.ഒ., മലപ്പുറം ജില്ല-676 501

Ph: 0494 2495900, klarigp@gmail.com @gmail.com

**സഹല പർവീൻ പാപ്പാലി**

**വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ**

മെമ്പർ, വാർഡ്-11, പുത്തൂർ

മൊബൈൽ: 9605658590


തിയ്യതി 08/08/2025..

കുറിപ്പാല ജി.എം.എൽ.പി സ്കൂളിലെ പ്രിയപ്പെട്ട വിദ്യാർത്ഥികളുടെ "ഓലഞ്ഞാലി" മാഗസിന് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ. കുട്ടികളുടെ സൃഷ്ടിപരമായ ചിന്തകളും കഴിവുകളും ഉണർത്തുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾ, അവരുടെ വ്യക്തിവളർച്ചയ്ക്ക് വലിയ മുതൽക്കൂട്ടാണ്. അറിവും നന്മയും ആത്മവിശ്വാസവും ഒത്തുചേർക്കുന്ന നല്ല മനുഷ്യരായി നിങ്ങൾ വളരട്ടെ...

"ഓലഞ്ഞാലി"ക്ക് എല്ലാ വിജയാശംസകളും നേരുന്നു.

സഹല പാപ്പാലി.

Saphala

മെമ്പർ
വാർഡ്- 11
പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

## പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത്
ക്ലാരി പി.ഒ., മലപ്പുറം ജില്ല-676 501
Ph: 0494 2495900, klarigp@gmail.com @gmail.com

**സൈനബ**
**ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ**
മെമ്പർ, വാർഡ് - 18, മുണ്ടിയാംതറ
മൊബൈൽ: 9947211626

തിയ്യതി... 02/02/2026.

പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത് കുറ്റിപ്പാല - G.M.L.P സ്കൂളിലെ കുരുന്നുകൾ അവരുടെ പഠന പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ "ഊലഞ്ഞാലി" എന്ന കൈയെഴുത്ത് മാസിക കുട്ടികളുടെ സർഗ്ഗാത്മകമായ് അവരുടെ ചിന്താശേഷിയും, ഭാവനയും വർദ്ധിപ്പിക്കുന്നതും ക്രിയാത്മകമായും രചനാപരമായുള്ള കഴിവുകൾ ഉണ്ടാക്കി എടുക്കുന്നതിനും വളരെ പ്രധാനപ്പെട്ടതാണ്. "ഊലഞ്ഞാലി" എന്ന കൈയെഴുത്ത് മാസിക പ്രകാശനം ചെയ്യുന്നതിന് എല്ലാവിധ ആശംസകളും, അഭിനന്ദനങ്ങളും അറിയിച്ച് കൊള്ളുന്നു.

എന്ന്,
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
സൈനബ. സി

ജി. എം. എൽ. പി. സ്കൂൾ

കുറ്റിപ്പാല

പ്രസിദ്ധീകരിക്കുന്ന

'ഓലഞ്ഞാലി'

കയ്യെഴുത്ത് മാസികയിൽ

കുട്ടികളുടെ മികവുറ്റ

സർഗ്ഗാത്മക രചനകൾ

ഉൾപ്പെടുന്നു എന്ന് ഞാൻ കരുതുന്നു.

ഓലഞ്ഞാലിക്ക് പിന്നിൽ പ്രവർത്തിച്ച

എല്ലാ കുട്ടികളെയും

അധ്യാപകരെയും

അഭിനന്ദിക്കുന്നതോടൊപ്പം

ഒരായിരം നന്മകൾ

നേരുന്നു

അബ്ദുസലാം കാട്ടി

ഹെഡ് മാസ്റ്റർ



ജി. എം. എൽ. പി. സ്കൂൾ
കുറ്റിപ്പാലയിലെ വിദ്യാർത്ഥികൾ അണിയിച്ച്
ഒരുക്കുന്ന "ഓലഞ്ഞാലി" എന്ന കയ്യെഴുത്ത്
മാസികക്ക് എല്ലാവിധ ആശംസകളും
നേരുന്നു. വിദ്യാർത്ഥികളുടെ കഴിവുകൾ
പരസ്പരം പങ്കുവെക്കുവാനും അവരുടെ
മാനസിക ഉല്ലാസവും സർഗ വൈഭവവും
പ്രകടിപ്പിക്കുന്നതിനും വേണ്ടി വിദ്യാർത്ഥികൾ
തയ്യാറാക്കിയ ഈ കലാ വൈഭവത്തിന്
എല്ലാവിധ ആശംസകളും നേരുന്നു

എന്ന്

പി. ടി. എ. പ്രസിഡന്റ്

രാമചന്ദ്രൻ പാടഞ്ചേരി

## ആശംസകൾ

നമ്മുടെ വിദ്യാലയത്തിലെ കുരുന്നുപ്രതിഭകളുടെ സർഗ്ഗവാസനകൾ കോർത്തിണക്കി 'ഓലെനാലി' എന്ന പേരിൽ ഒരു മാഗസിൻ പുറത്തിറങ്ങുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. അറിവിന്റെ ആദ്യാക്ഷരങ്ങൾ പനയോലകളിൽ കുറിച്ചു തുടങ്ങിയ ഒരു പഴയകാലത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ പേര്. വായനയും എഴുത്തും വഴിമാറിപ്പോകുന്ന ഈ ആധുനിക കുട്ടികളുടെ ചിന്തകളെയും നിരീക്ഷണങ്ങളെയും അക്ഷരരൂപത്തിലാക്കാൻ ഇത്തരം വേദികൾ അത്യന്താപേക്ഷിതമാണ്. കഥകളും കവിതകളും ചിത്രങ്ങളുമായി വിരിയുന്ന ഈ മാഗസിൻ കുട്ടികളിലെ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും മാർഗ്ഗനിർദ്ദേശം നൽകിയ അധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. 'ഓലെനാലി' അറിവിന്റെയും വായനയുടെയും പുതിയ ലോകങ്ങൾ കീഴടക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

മുഹമ്മദ് റാഫി. പോക്കാട്ട്

SMC ചെയർമാൻ

വിദ്യയുടെയും സൃഷ്ടിപരതയുടെയും സ്വപ്നങ്ങൾക്ക് ചിറക് നൽകുന്ന നമ്മുടെ ജി. എം. എൽ.പി സ്കൂൾ കയ്യെഴുത്ത് മാഗസിൻ 'കാലങ്ങാലി' പ്രതിഭകളുടെ മനോഹര പ്രകടനമാകട്ടെ.

എഴുത്തിലൂടെയും ചിത്രങ്ങളിലൂടെയും പുതിയ കഴിവുകൾ കണ്ടെത്താൻ ഈ വേദി എല്ലാവർക്കും പ്രചോദനമാകട്ടെ.

കാലങ്ങാലി കയ്യെഴുത്ത് മാഗസിന് ഹൃദയം നിറഞ്ഞ ആശംസകൾ.

Sabna Parambil

MPTA പ്രസിഡന്റ്.

FATHIMA JANNA T

# പൂമ്പാറ്റ 2A



പൂവുകൾ തേടും പൂമ്പാറ്റ.
പൂന്തേൻ ഉണ്ണും പൂമ്പാറ്റ.
പൂമ്പൊടി വീശും പൂമ്പാറ്റ.
പൂവിലുറങ്ങും പൂമ്പാറ്റ. [2]
മഴവില്ലാണോ നിന്നമ്മ.
തരുമോ നീയൊരു കുഞ്ഞുമ്മ.
മുങ്ങാം പൊങ്ങാം ഇളവെയിലിൽ
നീന്താം മറിയാം പൊൻ വെയിലിൽ
പൂവുകൾ തേടും പൂമ്പാറ്റ
പൂന്തേൻ ഉണ്ണും പൂമ്പാറ്റ
പൂമ്പൊടി വീശും പൂമ്പാറ്റ
പൂവിലുറങ്ങും പൂമ്പാറ്റ



# പട്ടം

നോക്കൂ പട്ടം മാനത്ത്
സുന്ദരിയായ പട്ടം
ദൂരെ നിന്ന് വിളിക്കുന്നു
മിനു മിനുത്തൊരു പട്ടം
കൂട്ടുകാർക്കൊപ്പം കളിക്കുന്നു

ആമിഷ് അലി.പി
1B

# മാമ്പഴം



മാമ്പഴം മാമ്പഴം
പഴുത്ത് തുടുത്ത മാമ്പഴം
മാമ്പഴം മാമ്പഴം
മധുരമുള്ള മാമ്പഴം
മാമ്പഴം മാമ്പഴം
മഞ്ഞ നിറത്തിലുള്ള മാമ്പഴം
മാമ്പഴം മാമ്പഴം
എന്തൊരു സ്വാദ് മാമ്പഴം

നദ.എം
1B

DHANIYA.M
V:B

ഡയറി കുറിപ്പ്



ഇന്ന് പൊതുവെ പതിവ് പോലെ
നല്ല വെയിലുണ്ടായിരുന്നു. അപ്പോൾ
ഞാൻ കുറെ
പൂമ്പാറ്റകളെ കണ്ടിരുന്നു
പലനിറത്തിലുള്ള
പൂമ്പാറ്റകളായിരുന്നു
നിന്നത്
മഞ്ഞിൻ നിറങ്ങളുള്ള പൂമ്പാറ്റകൾ
ഉണ്ടായിരുന്നു

DHANIYA.M
V:B

# മിന്നാമിന്നിയും താറാവും



ഒരു കാട്ടിൽ മിന്നാമിന്നി ഒറ്റക്കായി അതുവഴി വന്ന താറാവ് ചോദിച്ചു എന്തിനാ കരയുന്നത് അമ്മയേയും അച്ഛനേയും കാണുന്നില്ല. മിന്നാമിന്നി കരഞ്ഞു കൊണ്ട് പറഞ്ഞു. വിഷമിക്കേണ്ട കണ്ണ് തുടക്കൂ. നമുക്ക് പാട്ട് പാടി കളിക്കാം അവർ വരും വരെ. മിന്നാമിന്നിക്ക് സമാധാനമായി. മിന്നാമിന്നി നല്ല ഒരു പാട്ട് പാടി. അതുകേട്ട് അച്ഛനും അമ്മയും വന്നു. എല്ലാവർക്കും സന്തോഷമായി.

വർത്തിക [illegible]. K1B

# കരടിയുടെ ചെണ്ട

ഒരു കാട്ടിലെ കൂട്ടുകാരെല്ലാം എന്നും ഉണർന്നിരുന്നത് കരടിക്കുട്ടന്റെ ചെണ്ടകൊട്ട് കേട്ടായിരുന്നു. ഒരു ദിവസം ചെണ്ടകൊട്ട് കേട്ടില്ല. കൂട്ടുകാർ വന്ന് നോക്കി. കരടിയുടെ ചെണ്ട പൊട്ടിയിട്ട് കരടി കുറേ കരഞ്ഞു. കുറുക്കച്ചൻ ഒട്ടിക്കാൻ പശയും ടേപ്പും കൊടുത്തു. ചെണ്ട നന്നാക്കി കരടിക്കുട്ടൻ വീണ്ടും കൊട്ടാൻ തുടങ്ങി. അവർക്ക് സന്തോഷമായി.





മുഹമ്മദ് മിൻഹാൻ
1B



# പൂമ്പാറ്റ

പൂമ്പാറ്റ പൂമ്പാറ്റ
നല്ല പൂമ്പാറ്റ
തേൻ കുടിക്കും പൂമ്പാറ്റ
പറന്ന് കളിക്കും പൂമ്പാറ്റ
പൂവിലിരിക്കും പൂമ്പാറ്റ

മാഷിത്ത ബത്തൂൽ
1B

കവിത



# മഴവില്ല്

ഏഴു നിറങ്ങളൊരു മഴവില്ല്.
മഴ നനഞ്ഞൊരു വാനത്ത്.
ചിരിച്ചു നിൽക്കും മഴവില്ല്.
ചുവപ്പും പച്ചയും മഞ്ഞയും.
നീലയും ചേർന്നൊരു മഴവില്ല്.
കാർമേഘത്തിലൊളിച്ചല്ലോ...
ഊഞ്ഞാലാടാൻ വരുന്നുണ്ടോ.
ഈ മഴവില്ലിൻ തുമ്പത്ത്.

മുഹമ്മദ് ത്വയ്യിബ്
2A

# മായുമീ നിറം




ASHMIKA C.T
V.B

പക്ഷികളുടെ പാട്ടുകേട്ടുണരുമെൻ പ്രകൃതി...
മണ്ണിന്റെ മണവും കാറ്റിന്റെ ശബ്ദവും പകരുമെൻ പ്രകൃതി...
പച്ച പുൽമേട് നിറയുമെന്നു സുന്ദരമാണീ പ്രകൃതി...
മലരണിക്കാടുകൾ തിങ്ങിടുമെൻ പ്രകൃതി...
എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെയെല്ലാം -
പൂത്ത മരങ്ങൾ മാത്രം...
ഒരു കൊച്ചു കാറ്റ് വീശിയാലും ആടിയുലയുമെൻ
പ്രകൃതിയാം ഭംഗി...
ഇത്ര സുന്ദരമാം പ്രകൃതി ഇന്ന് കണ്ണീരണിയുന്നു...
മൂടിത്തടഞ്ഞ നീലാകാശമായി...
നീ സ്നേഹം തന്നിട്ടും, നിനക്ക് നഷ്ടം മാത്രം...







# പട്ടം

പട്ടം പട്ടം
പറക്കും പട്ടം
നല്ല പട്ടം
അമ്മ തന്ന പട്ടം
നീല പട്ടം
പാറും പട്ടം

– റിഷാന ഫാത്തിമ
1B

# മീനുകൾ

മീനുകൾ ഇങ്ങനെ നീന്തുന്നു
നീന്തി നീന്തി പോകുന്നു
ലാലാലാ ലാലാലാ പാടി പോകുന്നു
സുന്ദരി മീനുകൾ നീന്തുന്നു



ആയിഷ മർവ
1B

# കൊടൈക്കനാൽ യാത്ര

ഞാനും എന്റെ ഫാമിലിയും കൊടൈക്കനാലിലേക്ക് ഒരു യാത്ര പോയി എന്റെ ഉമ്മാന്റെ വീട്ടിലുള്ള എല്ലാവരും യാത്രയിൽ ഉണ്ടായിരുന്നു. ബർസാത്ത് എന്ന ബസ് ആയിരുന്നു. യാത്രക്ക് ബസ്സിൽ നല്ല പാട്ടും ഡാൻസും കളിയും എല്ലാം ഉണ്ടായിരുന്നു. പുറത്തുള്ള കാഴ്ച്ചകളും നല്ല ഭംഗിയുള്ള കാടുകളും മലകളും എല്ലാം കയറിയിറങ്ങി. തിരിച്ചു ബസ്സിൽ കയറി എനിക്ക് പനി ഉണ്ടായി. നല്ല തണുപ്പായിരുന്നു. അവിടെ. പനി വന്നെങ്കിലും എനിക്ക് നല്ല സന്തോഷമായി.




മുഹമ്മദ് സഹദ് PT 18

# The Kind little star

FATHIMA SAJA
V:B

High up in the night sky lived a little star.
It was smaller than the others and felt shy.

One night, the moon noticed the little star hiding
"why are you so quit? "asked the moon kindly.

Iam too small to shine" said the star sadly.

The moon smiled and said." even a small light can guide someone."

So the little star tried its best to shine.
Down on earth, a lost bird saw the tiny light and found its way home.

The little star felt happy and Proud.
From that night on, it shone with joy.

moral : even small acts of kidness matter.




V.B

Fathima Shimli K 5.B

## سَيِّدِي الْهُدَى

FATHIMA SHIMWI
V-B

سَيِّدُ الْهُدَى طٰهَا مُنِيرُ الْقَلْبِ عَلَيْهِ صَلَوَاتُ السَّلَام
اَللّٰهُ خَلَقَ أَحْلَى هَدِي طَائِفُ الدُّنْيَا ثُبُتُ الْحَقُّ بِصَفَايَا السَّلَامْ
لَسْتُ الْعَالَمْ صُورَةُ الْجَمَالِ فَرَحَةُ اللّٰهُ بِمَلَكَاتِ عَالَمْ
عَالَمُ الْقُدْسِ أَشْرَقْنَا الْمُشْرِقُ نُورًا مِنْ خَالِقِ الْكَوْنِ
سَالِكُونَا بَعْدَ اللّٰهِ سَلَامُنَا سِرُّ اللّٰهِ صِفَةُ الْكَرِيمِ مِنْ نَبِيَّةِ اللّٰهِ
خَيْرُ الْخَلَائِقِ رُوحُ الْخَلَائِفِ خُذْ بِيَدِي فِي رُؤْيَتِي
سَيِّدُ الرُّسُلْ بَعْدَ الرِّسَالَةِ عَنْ نَفْسِ حَبِيبِ
أَشْرَقَ عَلَيَّ فَجْرُ تَحْسِينِ ذَاتِي فَنَامُ الْوَسْنَةُ سَعِيدًا
فَاكِهَةُ الْجَنَّةِ بَلِيغَةُ الْقَلْبِ بِحُبِّ نَبِيِّ الْخَلَائِقِ نَبِيِّ الْخَيْرِ
يَحْيِي مَالِكُ الْمُلْكِ طَيِّبَةُ النَّبِي أَشْرَقَ عَلَيَّ فَجْرُ
تَحْسِينُ حَقِّي فَنَامُ الْأَحْسَنَ سَعِيدًا فَاكِهَةُ الْجَنَّةِ بَلِيغَةُ
الْقَلْبِ نَبِيِّ نَبِيُّ الْخَلَائِقِ مَالِكُ الْمُلْكِ سَيِّدُ
الْهُدَى طٰهَا مُنِيرُ الْقَلْبِ عَلَيْهِ صَلَّى وَسَلَامُ اللّٰهِ خَلَقَ
أَحْلَى هَدِي فِي طَائِفِ الدُّنْيَا أَنْتَ الْحَقُّ بِصَفَايَا السَّلَامْ



FATHIMA SHIMILI
V:B

# രാമുവിന്റെ വികൃതി

Muhammed
Aslam
V. C.
Aslam

ഒരിടത്ത് രാമു എന്നൊരു കുസൃതിപ്പയ്യൻ ഉണ്ടായിരുന്നു. അവൻ മഹാ വികൃതി ആയിരുന്നു വഴിയിൽ കാണുന്ന മരങ്ങളിൽ കല്ലെറിയലാണ് അവന്റെ പ്രധാന വിനോദം. അങ്ങനെയിരിക്കെ ഒരു വേനൽ കാലത്ത് പതിവു പോലെ അവൻ ഒരു മാവിൽ കല്ലെറിഞ്ഞു ഒരു വലിയ മാങ്ങ താഴെ വീണു. സന്തോഷത്തോടെ അവൻ അത് കടിച്ചു. ഹോ എന്തൊരു പുളി! അവൻ അത് ദേഷ്യത്തോടെ വലിച്ചെറിഞ്ഞു എന്നിട്ട് വീണ്ടും എറിയാൻ തുടങ്ങി പക്ഷേ എത്ര എറിഞ്ഞിട്ടും മാങ്ങ വീഴുന്നില്ല ദുഃഖത്തോടെ മാവിനോട് അവൻ ചോദിച്ചു "എന്താ നീ എനിക്ക് മാമ്പഴം തരാത്തത്" അപ്പോൾ മാവ് പറഞ്ഞു "ഞാൻ നിനക്ക് ഒരു മാമ്പഴം തന്നില്ലേ" അത് നീ ദേഷ്യത്തോടെ വലിച്ചെറിഞ്ഞില്ലേ". മാവ് പറഞ്ഞത് ശരിയാണെന്ന് അവന് മനസ്സിലായി. അവന്റെ നിഷ്കളങ്കമായ മുഖം കണ്ട് അലിവ് തോന്നിയ മാവ് അവന് പഴുത്ത ഒരു മാമ്പഴം കൂടി നൽകി "ഹായ് നല്ല മധുരം. തേനൂറുന്ന മാമ്പഴം കഴിച്ച് സന്തോഷത്തോടെ മാവിന് നന്ദി പറഞ്ഞ് അവൻ നടന്നു നീങ്ങി





# പാറും പട്ടം

പട്ടം പട്ടം പാറുന്നു
പട്ടങ്ങൾ പാറുന്നു
പാറി പാറി പോകുന്നു
പട്ടം പറന്ന് പറക്കുന്നു
മാനത്ത് പട്ടം പാറുന്നു
പട്ടം കാണാൻ എന്തു ഭംഗി.
പല പല നിറമുള്ള പട്ടങ്ങൾ
പട്ടം പറന്ന് കളിക്കുന്നു
എന്റെ കൂടെ കളിക്കുമോ.

ഉണ്ണിമ ററ.റ.പ 1B

# A TEACHER



JASWA FATHIMA
V:B

A teacher plants a seed of light
Guides young minds to dream and write
with parent heart and caring way
They shape tomorrow every day

with gentle words and lessons true,
you help use see a brighter view.
you teach, inspire, guide, and care—
our future grows because you're there.



JASWA FATHIMA
V.B

# പൂമ്പാറ്റയും വണ്ടും

പണ്ട് പണ്ട് ഒരു പൂമ്പാറ്റ ഉണ്ടായിരുന്നു ഒരുനാൾ അവൾ തേൻ കുടിക്കാൻ പുറത്തേക്ക് പോയി അവിടെ നിറയെ പൂക്കൾ ഉണ്ട് അവൾ തേൻ കുടിക്കുകയായിരുന്നു. അതാ വണ്ട് പറന്നു വരുന്നു പൂമ്പാറ്റ പേടിച്ചു. വണ്ട് പറഞ്ഞു നീ പേടിക്കേണ്ട ഞാൻ നിന്നെ ഒന്നും ചെയ്യില്ല. നമുക്ക് തേൻ കുടിക്കാം. പൂമ്പാറ്റയും വണ്ടും തേൻ കുടിച്ച് ചങ്ങാതിമാരായി.



ഫാത്തിമ [24] നഹ 1B

# പേരുവന്ന വഴി......

## മാസങ്ങൾ

Fathima Sanfa.
V·C

**ജനുവരി** : ജാനസ് ലാനു ഖിഷ്ഠിയസ് എന്ന റോമൻദേവന്റെ പേരിലാണ് ജനുവരി അറിയപ്പെടുന്നത്.

**ഫെബ്രുവരി** : ശുദ്ധീകര വിരുന്ന് എന്നർത്ഥമുള്ള 'ഫെബ്രു' എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് ഫെബ്രുവരി ഉണ്ടായത്.

**മാർച്ച്** : മാർസ് എന്ന റോമൻ യുദ്ധദേവന്റെ പേരാണ് മാർച്ച് മാസത്തിന്റെ പേരിനാധാരം.

**ഏപ്രിൽ** : തുറക്കുക' എന്നർത്ഥമുള്ള 'ഏപ്രി റിറെ' എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ഏപ്രിൽ ഉണ്ടായത്.

**മെയ്** : മായിയ് എന്ന ഗ്രീക്ക് ദേവതയുടെ പേരിൽ നിന്നാണ് ഈ പേരിന്റെ പിറവി.

**ജൂൺ** : പുരാതന റോമൻദേവതയായ 'ജൂനോ' യാണ് ജൂൺമാസത്തിന്റെ പേരിനടിസ്ഥാനം

**ജൂലൈ** : ജൂലിയസ് സീസർ ജനിച്ച മാസം ജൂലൈ എന്നറിയപ്പെടുന്നു.

**ഓഗസ്റ്റ്** : ആറാമത്തെ' എന്നർത്ഥമുള്ള 'സെക്' ട്ടിലിസ് എന്ന പദത്തിൽ നിന്നാണ് ഓഗസ്റ്റിന്റെ പിറവി.

**സെപ്റ്റംബർ** : ഏഴാമത്തേത്. എന്നർത്ഥം വരുന്ന 'സെപ്റ്റം' എന്ന പദത്തിൽ നിന്നാണ് സെപ്റ്റംബർ ഉണ്ടായത്.

**ഒക്ടോബർ** : എട്ടാമത്തേത് എന്നർത്ഥം വരുന്ന ഒക്ടോ എന്ന പദത്തിൽ നിന്നാണ് ഒക്ടോബർ വന്നത്.


നവംബർ : ഒൻപതാമത്തെ എന്നർത്ഥമുള്ള 'നോവം' എന്ന പദത്തിൽ നിന്നാണ് നവംബറുണ്ടായത്.

ഡിസംബർ : റോമൻ കലണ്ടറിലെ പത്താം മാസമായിരുന്നു ലാറ്റിൻ ഭാഷയിലെ ഡിസംബർ. പത്ത് എന്നാണ് ഈ വാക്കിനർത്ഥം.

Fathima Hazwa. K IV. A

# മനുവിന്റെ കൂട്ടുകാർ

പതിവ് പോലെ ആൽമര തണലിലിരിക്കുകയാണ് മനു. പുതിയ അധ്യയന വർഷം തുടങ്ങിയിട്ട് രണ്ടാഴ്ച്ചയായി. എന്നിട്ടും മനുവിന് ഇതുവരെ കൂട്ടുകാരാരുമില്ലായിരുന്നു. അവിടെ ഇരിക്കുന്നത് കണ്ട് ക്ലാസ് ലീഡറായ റഹീം ചോദിച്ചു: കളിക്കുന്നില്ലേ? ഇത് രണ്ടാഴ്ചയായല്ലോ? ഇപ്പോൾ തീരെ സമയമില്ലാത്ത പോലെ ഞാൻ പിന്നെ വരാം. കൂട്ടുകാരില്ലാത്ത വിഷമം അവൻ ഉള്ളിൽ ഒതുക്കി. പിറ്റേന്ന് ഇന്റർവെല്ലിൽ ഗ്രൗണ്ടിന് സമീപം നടക്കുകയായിരുന്നു മനു. അപ്പോഴായിരുന്നു ക്ലാസ് ലീഡറായ റഹീം കെട്ടിടത്തിന്റെ തണലിൽ ഒരു കമ്പ് വെട്ടി നടുന്നത് കണ്ടത്. വേനലായതിനാൽ മണ്ണെല്ലാം വരണ്ടിരുന്നു. നടാൻ വളരെ പ്രയാസമാണ്. അതുകണ്ട് സഹതാപം തോന്നി. മനു ചോദിച്ചു: "ഞാൻ സഹായിക്കണോ?" റഹീം ചെറു പുഞ്ചിരിയോടെ അവൻ തലയാട്ടി. അവർ രണ്ടു പേരും കൂടി അത് നട്ടു. "നീ വളരെ നല്ലവനാണ്" റഹീം പറഞ്ഞു. ഇനി എന്നും നമുക്കിതിന് വെള്ളമൊഴിക്കണം കേട്ടോ മനു. മനു തലയാട്ടി. അങ്ങനെ അവരുടെ ആ പ്രവർത്തി കണ്ട് എല്ലാവരും അവരുടെ കൂട്ടുകാരായി. കൂട്ടുകാരില്ലാത്ത മനുവിന് കുറെ നല്ല നല്ല കൂട്ടുകാരെ കിട്ടി.



ഫാത്തിമ ഹസ്‌വ.

IV. A

# മിന്നിയും കിങ്ങിണി പൂച്ചയും

"മിന്നിയുടെ വീട്ടിൽ ഒരു കിങ്ങിണി പൂച്ച - യുണ്ടായിരുന്നു. മിന്നിയും കിങ്ങിണിയും നല്ല ചങ്ങാതിമാരായിരുന്നു. അവർ ആ വീട്ടിൽ താമസിച്ചുവന്നു. അവർ ഒരുമിച്ച് ഫുഡ് കഴിക്കുകയും കിടന്നുറങ്ങുകയും കളിക്കുകയും എല്ലാം ഒരുമിച്ചായിരുന്നു. ഒരിക്കൽ കിങ്ങിണിയെ കാണാതായി. ഒരുപാട് തിരഞ്ഞിട്ടും കണ്ടില്ല. മിന്നിക്ക് അടങ്ങാത്ത വിഷമമായി.!

Muhammed Razeen
1.A.



# കടങ്കഥകൾ

FARHA FATHIMA
V:B

മലയിലെ അമ്മയ്ക്കു നെറുകയിൽ പൂവ്
- കൈതച്ചക്ക

മൂന്നമ്മമാരിരുന്നു വെന്തു നീറുന്നു
- അടുപ്പുകല്ല്

മക്കളൊക്കെ വെന്താലും പെറ്റതള്ളയ്ക്കലിവില്ല
- തീപ്പെട്ടി

മണിയടിച്ചാൽ മലമ്പാമ്പ് ഓടും
- തീവണ്ടി

മിണ്ടാതെ കാര്യം പറയാൻ മുഖം മൂടി വെട്ടിത്ത് മുട്ടിലിട്ടു
- പേന

മേലെ വീട്ടിലെ മുത്തശ്ശി പൊട്ടിച്ചിരിച്ച് പേടിപ്പിക്കും
- ഇടിവെട്ട്

മുറ്റത്തിനിൽക്കും കുഞ്ഞേച്ചി പിച്ചിയാൽ കരയിക്കും
- കാന്താരി

മുള്ളുണ്ട് മുരിക്കല്ല കൊമ്പുണ്ട് കുഞ്ഞില്ല വാലുണ്ട്
പശുവല്ല
- ചക്ക

മേശപ്പുറത്തി ഇരിക്കുന്ന മുത്തശ്ശിയുടെ മൂക്കുതിരിച്ചാൽ
പാട്ടുവരും
- റേഡിയോ

മുള്ളുണ്ട് മുരിക്കല്ല കയ്പുണ്ട് കാഞ്ഞിരമല്ല
- പാവയ്ക്ക

FARHA FATHIMA
V.B

# പൂമ്പാറ്റ



പൂമ്പാറ്റ പൂമ്പാറ്റേ
പൂവിലിരിക്കും പൂമ്പാറ്റേ
പൂന്തേൻ നുകരും പൂമ്പാറ്റേ
പൂവുകൾ തോറും പാറി നടന്ന്
പൂന്തേൻ നുകരും പൂമ്പാറ്റേ
പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ
എന്നുടെ കൂടെ വരാമോ നീ
നമ്മൾക്കൊന്നായ് പറന്നാലോ
നിന്നെ പോലെ പറന്ന് കളിക്കാൻ
എനിക്കുമുണ്ടൊരു മോഹം
ഒന്നിച്ചൊന്നായ് പൂവിൽ പോകാം
പൂവിലെ തേൻ കുടിച്ചു രസിക്കാം
പൂമ്പാറ്റേ പൂമ്പാറ്റേ
പൂവിലിരിക്കും പൂമ്പാറ്റേ



— മന്ന —

18



## The Quiet Things

I Love the quiets the wourld forget's
The pause between two heartbeat, soft and small
The way the sky exhaless before it rain
The shadow that still follow after light it's gone
I Love the word that still never reach the mouth
That live their whole lives trembing in the chest
that almost cries, the smile no one see
the courage hidden in prentending you're fine
the would appluds the loud the brign so last
But misses roots that loud the earth in place
it crown the star but never thank the dark
for teaching them how brightly they should burn
If some day this poem learn to breath in air
let it walk barefroot namelsess - and free
for some truth are mean to be felt not known
and some love is real only when unseen.

FATHIMA WAFIYA
V:B



FATHIMA WAFIYA
V.B

# വർഷകാലം

Rishda Rahman
STD. V. C

മഴ മഴ മഴ വരുന്നുണ്ടേ
എല്ലാവർക്കും സന്തോഷം
തവളകളെല്ലാം കരയുന്നേ
പക്ഷികളെല്ലാം നനയുന്നേ
മഴയത്ത് കളിക്കാനും
കുടയും ചൂടി നടക്കാനും
എല്ലാവർക്കും ഇഷ്ടമല്ലോ
പെരുമഴയും ചാറ്റൽ മഴയും
കാണാൻ ഹായ്! എന്തു രസം
ചെടികളെല്ലാം തളിർത്തീടും
കാറ്റിൽ ആടി രസിച്ചീടും
ചെടികളിലെല്ലാം മൊട്ടുവരും
മൊട്ടുകളിലെല്ലാം പൂക്കൾ വിരിയും
കാണാൻ ഹായ്! എന്തു രസം
ഭംഗിയായ ലോകം





# എന്റെ തത്ത

ആദി റയാൻ
STD - 1A

എന്റെ വീട്ടിൽ ഉണ്ട് ഒരു തത്ത
പച്ച നിറമുള്ള തത്ത
ചന്ത് ചുണ്ടമുള്ള തത്ത
ചുരുണ്ട് ചുവപ്പുള്ള തത്ത
കഴുത്തിൽ മാലയുള്ള സുന്ദരി തത്ത
സംസാരിക്കുന്ന മിടുക്കി തത്ത
ചന്തമേറുന്ന എന്റെ തത്ത



# Major Dramas Of William Shakespeare


FATHIMA RASHA
V:B

## Tragedies


- Hamlet
- Macbeth
- othello
- King Lear
- Romeo and Juliet
- Antony and cleopatra
- Julius caesar
- coriolanus
- Timon of Athens

## comedies

- The merchant of venice
- A Midsummer Night's Dream
- As you Like it
- Twelfth Night
- Much Ado About Nothing
- The comedy of Errors
- The Taming of the shrew
- The Tempest




FATHIMA RASHA
V.B






# മഴപ്പാട്ട്

മഴ പെയ്യുന്നു മഴ പെയ്യുന്നു
കിണറും കുളവും നിറയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
വയലും തോടും നിറയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
പുഴയും കടലും നിറയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
വഴിയും കുഴിയും നിറയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
മരവും ചെടിയും നനയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
പൂവും കായും നനയുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
കാറ്റും മഴയും വന്നല്ലോ
മിന്നലും ഇടിയും വന്നല്ലോ
മുറ്റം നിറയെ മഴവെള്ളം
കളി വള്ളങ്ങൾ പോകുന്നു (2)



# سُلُوكُنَا

قَدْ قَالَ لِي يَوْمًا صَدِيق    كَيْفَ تَسِيرُ فِي الطَّرِيقْ

قُلْتُ لَهُ مُبْتَسِمًا    أَمْشِي بِمَظْهَرٍ يَلِيقْ

أَسِيرُ فِي أَقْصَى الْيَمِين    وَفِي مَمَرِّ الرَّاجِلِين

مُنْتَبِهًا فِي كُلِّ حِين    لِكُلِّ أَخْطَارِ الطَّرِيقِ

شُرْطِي الْمُرُورِ مُرْشِدِي    بِمَا يَقُولُ أَقْتَدِي

يَأْخُذُ دَوْمًا بِيَدِي    يَحْرُسُنِي مِنْ كُلِّ ضِيقْ

Rana fathima. P X-C

SREELAL.
V̄. C.

കുറുക്കനും മുന്തിരിയും

പണ്ട് പണ്ട് ഒരു വലിയ കാട്ടിൽ ഒരു കുറുക്കൻ ഉണ്ടായിരുന്നു. കാട്ടിൽ എപ്പോഴും പൂക്കുന്ന ഒരു മുന്തിരി ചെടിയുണ്ടായിരുന്നു. മുന്തിരി കുലച്ച് പഴുത്തു നിൽക്കുന്നതു കണ്ടപ്പോൾ അവന് കൊതിയായി. അവന് ആ മുന്തിരി തിന്നാൻ കൊതിയായി.



പക്ഷേ മുന്തിരി ചെടി ഒരു മരത്തിലാണ് പടർന്നത് അതു കൊണ്ട് അവന് എത്തിപ്പിടിക്കാൻ കഴിയില്ല നിരാശയോടെ അവൻ വീട്ടിലേക്ക് മടങ്ങും. അങ്ങനെ ഇരിക്കെ ഒരു ദിവസം കാട്ടിൽ ശക്തമായ കാറ്റും മഴയും വന്നു. മുന്തിരി പടർന്ന മരം കാറ്റിന്റെ ശക്തിയിൽ ഒടിഞ്ഞു വീണു. കുറുക്കൻ മതിയാവോളം മുന്തിരി കഴിച്ചു. അവന് അന്നുമുതൽ എല്ലാ ദിവസവും മുന്തിരി കഴിക്കാൻ കഴിഞ്ഞു. അവൻ സന്തോഷവാനായി ജീവിച്ചു.

# മധുരമുള്ള മാമ്പഴം

ഒരിക്കൽ ഒരിടത്ത് ഒരു കൃഷി-
ക്കാരന് തന്റെ തോട്ടം നിറയെ
മാമ്പഴമുണ്ടായി. തനിക്ക് കിട്ടിയ
അനുഗ്രഹം മറ്റുള്ളവരുമായി
പങ്കിടണമെന്ന് ആ നല്ല മനുഷ്യൻ
തീരുമാനിച്ചു. അതിനായി അയാൾ
വഴിവക്കിലുള്ള തന്റെ മാവിന്മേൽ
ഒരു ബോർഡ് എഴുതി വച്ചു.








അനഘ.P - 2A

## പട്ടം

പട്ടം നല്ല പട്ടം
ഭംഗിയുള്ള പട്ടം
ആകാശത്തിൽ പാറിനടക്കും പട്ടം
വാലുള്ള പട്ടം
ചിറകുള്ള പട്ടം
കണ്ണുള്ള പട്ടം
പല പല വർണ്ണത്തിൽ പട്ടം

HINA MEHABIN
I. A.







DHANIYA M
V:B

# ഓണം

മലയാളികളുടെ ദേശീയ ഉൽസവമാണ് ഓണം. ചിങ്ങമാസത്തിലാണ് ഓണം ആഘോഷിക്കുന്നത്. ഓണാഘോഷത്തിന്റെ സമയത്ത് കേരളം സന്ദർശിക്കുന്ന മഹാബലിയുടെ ഓർമ്മക്കായിട്ടാണ് ഓണം ആഘോഷിക്കുന്നത്

# മയിൽ

മയിലേ മയിലേപ്പൊൻ മയിലേ
പീലിവിടർത്തി ആടാമോ
കാർമേഘങ്ങൾ വന്നെത്തുമ്പോൾ
പീലിവിടർത്തി തുള്ളാമോ
മയിലാട്ടങ്ങൾ കാണാനായി
വന്നിരിക്കുന്നു എല്ലാവരും
മയിലേ മയിലേ പൊൻമയിലേ

ഷിഫിൻ
I-A

ഷിഫിൻ.
I.A.



# ഞാൻ കണ്ട കാഴ്ച്ചകൾ




ഒരു ദിവസം ഞങ്ങൾ വീട്ടിലുള്ളവർ എല്ലാവരും കൂടി പുറത്ത് പോവാൻ തീരുമാനിച്ചു. രാത്രി 8 മണിക്ക് പുറപ്പെട്ടു കാറിലായിരുന്നു യാത്ര. മല, കുളം, തോട്ടങ്ങളും ഒക്കെ കണ്ടു യാത്ര തുടർന്നു. ഉച്ച ആയപ്പോഴേക്കും ചുരം കയറി അവിടെ എത്തി. യാത്രയിൽ കാട്ടിൽ നിന്ന് ആനകളെയും പക്ഷികളെയും കണ്ടു. അപ്പോഴാണ് ഒരു മലയുടെ അടുത്തായി അപ്രതീക്ഷിതമായി ആ കാഴ്ച്ച കണ്ടത്! നല്ല ഭംഗിയിൽ ഏഴ് നിറങ്ങൾ അടങ്ങിയ അത്ഭുതം വൗ! അതാ ഒരു "മഴവില്ല്" എനിക്ക് അപ്പോൾ സന്തോഷമായി ഞാൻ എണ്ണിനോക്കി ഏഴ് നിറം. ആദ്യമായി എനിക്ക് മഴവില്ല് നേരിൽ കാണാൻ സാധിച്ചു. അത് മായും വരെ ഞാൻ അവിടെ നിന്നു.

ഫാത്തിമ ഷൻസ.C I.B.

# ഒരു സ്നേഹമുള്ള കഥ

RANA FATHIMA
STD. V.C.

നിനു എന്ന പെൺകുട്ടിക്ക് വീട്ടിൽ ഒരു പൂന്തോട്ടം ഉണ്ടായിരുന്നു. അവൾ എല്ലാ ദിവസവും ചെടികൾക്ക് വെള്ളം ഒഴിക്കും. ഒരു ദിവസം ഗേറ്റിലേക്ക് പോയപ്പോൾ ഒരു പെൺകുട്ടി നിൽക്കുന്നു. അവൾക്ക് ആ പൂന്തോട്ടം നല്ല ഇഷ്ടമായി. നിനു അവളുടെ അടുത്തേക്ക് പോയി. അവൾ ഗേറ്റ് തുറന്നു. അപ്പോൾ പറഞ്ഞു. എനിക്ക് നിന്റെ പൂന്തോട്ടം കാണിച്ച് തരുമോ. അവൾ പറഞ്ഞു ഞാൻ കാണിച്ച് തരല്ലോ. നിനു അവൾക്ക് കാണിച്ച് കൊടുത്തു. അവൾക്ക് നല്ല ഇഷ്ടമായി കുട്ടി പറഞ്ഞു നല്ല ഭംഗി ഉണ്ടല്ലോ. എനിക്ക് നല്ല ഇഷ്ടപ്പെട്ടു. അവൾ തിരികെ പോയപ്പോൾ നിനു അവൾക്ക് ചെടികൾ നൽകി. കുറച്ച് ദിവസങ്ങൾക്ക് ശേഷം അവൾ തിരികെ എത്തി. കൈയിൽ നിറയെ പൂക്കളുമായിട്ടാണ് പൂക്കൾ നിനുവിന് നൽകിയിട്ട് അവൾ പറഞ്ഞു. ഇത് നിനക്കുള്ളതാണ്.



ദയയും സഹാനുഭൂതിയും ജീവിതത്തിന് സന്തോഷം പകരും.

ഷിഫാന [illegible]
STD. V.C.

## മഴ

മഴ മഴ മഴ മഴ പെയ്തല്ലോ
കുട കുട കുട കുട ചൂടിയല്ലോ
കിടു കിടു കിടു കിടു വിറച്ചല്ലോ
ആകെ നനഞ്ഞു കുതിർന്നല്ലോ....

Sana. P.
5.C.

ചിത്രവിശേഷം.



# യാത്രാവിവരണം

Rishda Rahman.p
STD.V.C

ഞാൻ യാത്ര പോകുന്നതിനു വേണ്ടി പല തയ്യാറെടുപ്പുകളും ചെയ്തു. അങ്ങനെ ഞാൻ ആഗ്രഹിച്ചിരുന്ന ദിവസം വന്നെത്തി. ഞാൻ പോയത് കോഴിക്കോടുള്ള കരിയാത്തും പാറ എന്ന സ്ഥലത്തേക്കാണ്. അവിടേക്ക് പോകുന്നതിനിടയിലെ കാഴ്ചകൾ വളരെ അധികം സുന്ദരമായിരുന്നു. ചെറിയ കുന്നുകളും മലകളും പുഴകളുമൊക്കെ യാത്രയിൽ എനിക്ക് കാണാൻ സാധിച്ചു. കോടകൾ നിറഞ്ഞതുകൊണ്ട് തണുപ്പുള്ള അന്തരീക്ഷം. എന്റെ ഉമ്മയും ഉപ്പയും അനിയനും അനിയത്തിയും ഉണ്ടായിരുന്നു. എന്റെ ഉപ്പയുടെ കാറിലാണ് ഞങ്ങൾ യാത്ര പോയത്. കാറിന്റെ പുറകിലായിരുന്നു ഞാനും എന്റെ അനിയനും. ഞങ്ങൾക്ക് കളിക്കാൻ വേണ്ടി കളിപ്പാട്ടങ്ങൾ കൊണ്ടുപോയിരുന്നു. പക്ഷേ, പ്രകൃതി ഭംഗി കണ്ട് ഞങ്ങൾ അങ്ങനെ നോക്കിനിന്നു. പിന്നെ ഞങ്ങൾ മലയും കുന്നും വളവും തിരിവും എല്ലാം കടന്ന് ഞങ്ങൾ ഉദ്ദേശിച്ച സ്ഥലത്ത് എത്തി. അവിടെ കണ്ടപ്പോൾ ഞങ്ങൾ അമ്പരന്നുപോയി. അത്രയും മനോഹരം വലിയ കുന്നുകളും മലകളും ഉണ്ട് പുഴയിൽ ശുദ്ധമായതു തെളിഞ്ഞതുമായ ജലം. മനുഷ്യർ അവിടത്തെ പ്രകൃതിയെ അത്രയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതുകൊണ്ടാവാം അത്രയും ഭംഗി ഉള്ളത്. വെളുത്തതും കറുത്തതും ആയ എല്ലാ നിറത്തിലുമുള്ള വെള്ളാരങ്കല്ലുകൾ ആ പുഴയുടെ അടിയിൽ ഉണ്ട്. അവിടെ ഞങ്ങൾ കുറച്ചു നേരം കളിച്ചു. തണുപ്പുള്ള വെള്ളം. വെള്ളത്തിൽ ഇറങ്ങുമ്പോൾ നല്ല ഉന്മേഷവും കുളിർമയും ലഭിക്കുന്നുണ്ട്. മരച്ചുവട്ടിൽ ഇരുന്ന് പ്രകൃതി ഭംഗി ആസ്വദിച്ചുകൊണ്ട് ലേയ്സ് കഴിച്ചു. പിന്നീട് ഞാനും എന്റെ അനിയനും കൂടി ഐസ്ക്രീം ബോൾ കൊണ്ട് കളിച്ചു. എന്നിട്ട് ഞങ്ങൾ വെള്ളത്തിൽ കളിക്കാൻ ഇറങ്ങി. വെള്ളത്തിൽ ഞങ്ങൾ ഒരുപാട് കളിച്ചു. എന്തു രസമായിരുന്നു. കളിയൊക്കെ കഴിഞ്ഞ് വസ്ത്രം മാറ്റി

കുറച്ചു സമയം കൂടി ഞങ്ങൾ അവിടെ വിശ്രമിച്ചു. സമയം 5:20 ഞങ്ങൾക്ക് തിരിച്ചു പോകേണ്ട സമയം ആയി. പക്ഷെ എനിക്ക് തിരികെ പോകാൻ തോന്നുന്നില്ല. ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് പൊടിയും പുകയും കൊണ്ട് ആകെ ബുദ്ധിമുട്ടുകയാണ്. എന്നാൽ ഇവിടെ പ്രകൃതി ഭംഗി നിറഞ്ഞ സ്ഥലം, ശുദ്ധമായ വെള്ളവും വായുവും ഉള്ളതുകൊണ്ട് ആരോഗ്യമായി ജീവിക്കാൻ കഴിയും. ഇങ്ങനെയുള്ള സ്ഥലത്ത് ജീവിക്കാൻ കഴിഞ്ഞാൽ അത് വലിയ ഭാഗ്യമാണ്. ഞാൻ വലുതായിട്ട് ഒരു വീടുവെക്കുകയാണെങ്കിൽ ഇതുപോലെയുള്ള സ്ഥലത്ത് വീടുവെക്കും എന്ന് ഞാൻ എന്റെ മനസ്സിൽ കുറിച്ചു. അപ്പോഴേക്കും ഞങ്ങൾക്ക് പോകേണ്ട സമയമായപ്പോൾ എന്റെ ഉപ്പ എന്നെ വിളിച്ചു. ഞങ്ങൾ ആ മനോഹരമായ സ്ഥലത്തുനിന്നു യാത്രയായി.

## മഴയത്ത്

5-C
FAhima minnu

മഴവന്നേ... മഴവന്നേ

പൂക്കാറ്റായ് മഴവന്നേ...

കുടയും ചൂടിപ്പോകുമ്പോൾ

മഴവന്നേ... മഴവന്നേ...

മഞ്ഞായാലും മഴയായാലും

മണ്ണിൻപെണ്ണിന് സന്തോഷം

മഴവന്നാൽ തുള്ളിച്ചാടാൻ

മണ്ണിൻപെണ്ണിന് സന്തോഷം

മലയാളം

# സാഹിത്യനായകന്മാർ

JAISHA JUMAN
V.B

## തകഴി ശിവശങ്കരപിള്ള

കഥാകൃത്ത്, നോവലിസ്റ്റ്, സാംസ്കാരിക പ്രവർത്തകൻ തുടങ്ങിയ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച തകഴി ശിവശങ്കരൻ പിള്ള 1912-ൽ ആലപ്പുഴ ജില്ലയിലെ തകഴിയിൽ ജനിച്ചു. കുട്ടനാടിന്റെ കഥാകാരൻ എന്ന നിലയിൽ വിശ്വപ്രസിദ്ധമായി തോട്ടിയുടെ മകൻ, ചെമ്മീൻ, കയർ, ഏണിപ്പടികൾ തുടങ്ങിയ നോവലുകൾ അതിപ്രശസ്തമാണ്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ് തുടങ്ങി അനേകം പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്

## കമല സുരയ്യ (മാധവിക്കുട്ടി)

കവയിത്രിയും കഥാകാരിയുമായ കമല സുരയ്യ 1934 മാർച്ച് 31-ന് പുന്നയൂർക്കുളത്ത് ജനിച്ചു. വിഖ്യാത കവയിത്രി ബാലാമണിയമ്മയുടെയും വി.എം. നായരുടെയും മകളാണ് സുരയ്യ. എന്റെ കഥ, സമ്മർ ഇൻ കൽക്കത്ത, തെരഞ്ഞെടുത്ത കവിതകൾ, ബെസ്റ്റ് ഓഫ് കമലാദാസ് തുടങ്ങിയവയാണ് മുഖ്യകൃതികൾ

## എം.ടി. വാസുദേവൻ നായർ

എം.ടി. വാസുദേവൻ നായർ 1933 ജൂലൈ 15-ന് കൂടല്ലൂരിൽ ജനിച്ചു. അച്ഛൻ: ടി. നാരായണൻ നായർ. അമ്മ: അമ്മാളു അമ്മ. പാതിരാവും പകൽവെളിച്ചവും, നാലുകെട്ട്, അസുരവിത്ത്, മഞ്ഞ്, രണ്ടാമൂഴം, നിന്റെ ഓർമ്മയ്ക്ക്, ഓളവും തീരവും, ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, വാരിക്കുഴി, സ്വർഗം തുറക്കുന്ന സമയം, വാനപ്രസ്ഥം തുടങ്ങിയ നോവലുകളും കഥകളും, പണിപ്പുര, ഹെമിംഗ്‌വേ അടക്കം ഒട്ടേറെ കൃതികളുടെ കർത്താവ്. സാഹിത്യത്തിന് വയലാർ അവാർഡ്, മികച്ച തിരക്കഥയ്ക്കുള്ള അവാർഡ്, എഴുത്തച്ഛൻ അവാർഡ് തുടങ്ങി അനേകം ബഹുമതികൾ ലഭിച്ചു.

JAISHA JUMAN
V.B

# കടങ്കഥകൾ

- അടിച്ചുവാരിയ മുറ്റത്ത് വാരിയെറിഞ്ഞ മൺതരികൾ - നക്ഷത്രങ്ങൾ
- അടുക്കെ അടുക്കി ചോറിട്ട് മൂടിനി പൊതിച്ച് മുത്താച്ചി മരിച്ചു - ഇല
- അടയ്ക്കും തുറക്കും കിളിവണ്ടോടി തൊണ്ടേയിരിക്കും - കണ്ണ്
- അതാ പൊക്കമായ വിദ്വാൻ മനുഷ്യനെ വിഴുങ്ങും പക്ഷേ നടക്കണമെങ്കിൽ അന്യന്റെ പാദം വേണം - ശവമഞ്ചം
- അനവില്ല നാക്കില്ല മാണിക്കയുമില്ല എങ്കിലും ഇനിപ്പുകിട്ടും ലാഭമില്ല - വായു.
- അടിയിൽ പച്ചക്കുന്ന്, മുകളിൽ ചെമ്പുകുട്ടകൾ, തലയിൽ കിരീടം - കൈതച്ചക്ക
- അങ്ങോട്ടും ഇങ്ങോട്ടും നേരെനിന്ന് സത്യം പറയും - ത്രാസ്
- ആരോടും മല്ലടിക്കും, വെള്ളത്തോട് മാത്രമില്ല - അഗ്നി
- ആനയ്ക്കു നിൽക്കാൻ നിഴലുണ്ട് മൂടു പൊതിയാനിലയില്ല. - പുളിമരം

Mu. Nasim
V C

# മഞ്ഞു മലകളിലേക്കൊരു യാത്ര

ഒരു യാത്ര പോകാനുള്ള തിരക്കിലാണ്, ഞങ്ങൾ മലകളുടെയും പ്രകൃതിയുടെയും സൗന്ദര്യം എന്നെ അദ്ഭുതപ്പെടുത്തി എന്റെ അച്ഛനും അമ്മയും എട്ടുമണിക്കു കുളിച്ച് വൃത്തിയായി ഞങ്ങൾ യാത്ര തുടങ്ങി ഞങ്ങൾ പോകുമ്പോൾ ഞാനും എന്റെ അനിയനും പുറകിൽ കളിക്കുമ്പോൾ ഉത്സാഹത്തിലായി ഞങ്ങൾ പോകുമ്പോൾ അതിനിടക്ക് ബസ്സ് കേടായിപ്പോയി പെട്ടെന്ന് ഇറങ്ങേണ്ടി ഞങ്ങൾ മറ്റൊരു ബസ്സിലാണ് യാത്ര പോയത് ഞങ്ങൾ. അങ്ങനെ അവിടെ നിൽക്കാൻ തീരുമാനിച്ചു. അന്ന് ഞാനും അനിയനും അവിടെയുള്ള കുളിമുറിയിൽ എപ്പോൾ കുളിക്കാൻ പോയി. ഞങ്ങൾ അവരെ കേട്ടുപിടിച്ചു അടുത്ത ദി-വസം ഞങ്ങൾ മലയോരത്ത് കാണാൻ പോയി അവിടെ എത്തിയപ്പോൾ ഞാൻ സ്വർഗ്ഗത്തിലെത്തിപ്പോയെന്ന് എനിക്ക് തോന്നി. മഞ്ഞും ഒഴുകുന്ന പുഴയും വിടർന്നു നിൽക്കുന്ന

പൂക്കളും എന്നെ സന്തോഷവാനാക്കി ഞാൻ അവിടെ കുറച്ച് സമയം കളിച്ചു. തിരിച്ചു പോകുന്ന ദിവസം എനിക്ക് വിഷമം തോന്നി. ഞാൻ വീട്ടിലേക്ക് പോയി. അവസാനം ഞാൻ 12:00 മണിക്ക് വീട്ടിലെത്തി. ഈ യാത്ര എനിക്ക് വളരെ ഇഷ്ടമായി.

Abdul Hadi -
4B

ഫാത്തിമ റിൻഹ
IV A

# കുരങ്ങനും കുരുവിയും

പണ്ട്...... പണ്ട് ഒരു കുന്നിൻ മരത്തിൽ ഒരു കുരുവിയമ്മ താമസിച്ചിരുന്നു. ഒരു ദിവസം ആ കുരുവിയമ്മ ഒരു മരത്തിലിരുന്ന് താഴേക്ക് നോക്കിയപ്പോൾ അവിടെ എന്തോ പരിപാടി നടക്കുകയാണ്. അങ്ങനെ കുരുവിയമ്മ അവിടെയുള്ള ഒരു വലിയ കാട്ടിലേക്ക് പറന്നുപോയി. അപ്പോഴാണ് അവൾക്ക് ഒരു ശബ്ദം കേൾക്കാൻ ഇടയായത്. അങ്ങനെ അവൾ ആ ശബ്ദത്തിനെ തേടിയങ്ങനെ പറന്നു. അങ്ങനെ അവൾ ആ ശബ്ദം കേട്ട സ്ഥലത്ത് എത്തി. അപ്പോൾ അതൊരു കുരങ്ങൻ കുട്ടികളായിരുന്നു. അവർ കരഞ്ഞുകൊണ്ട് കുരുവിയമ്മയോട് പറഞ്ഞു ഞങ്ങൾക്ക് വിശക്കുന്നുണ്ട്. ഞങ്ങളുടെ അമ്മ ഇപ്പോൾ വരാം എന്നു പറഞ്ഞിട്ട് പോയതാണ് ഇപ്പോഴും വന്നിട്ടില്ല. അതു കേട്ടപ്പോൾ കുരുവിയമ്മയ്ക്ക് സങ്കടമായി. അങ്ങനെ കുരുവിയമ്മ അവർക്ക് പഴം തേടി കൊടുത്തു അവരുടെ അമ്മയെപ്പോലെ അവരെ നോക്കി. ഒരു ദിവസം അവർ എല്ലാവരും കൂടി കളിക്കുമ്പോൾ എനിക്ക് പറക്കണമെന്ന് പറഞ്ഞ് അവർ വഴക്ക് കൂട്ടി. അപ്പോൾ കുരുവിയമ്മ പറഞ്ഞു നിങ്ങൾക്ക് ചിറക് ഇല്ല. അതുകൊണ്ട് പറക്കാൻ കഴിയില്ല. അപ്പോൾ ദേഷ്യം പിടിച്ച കുരങ്ങന്മാർ അവളെ അവരുടെ കൂർത്ത നഖങ്ങൾ കൊണ്ട് അവളെ പിച്ചി ചീന്തി തിന്നു കളഞ്ഞു.



## എന്റെ വിദ്യാലയം


എന്തു സുന്ദരമാണീ
എൻ വിദ്യാലയം
തണൽ മരങ്ങൾ നിറഞ്ഞ
എൻ വിദ്യാലയം
അക്ഷര വെളിച്ചം പകരാൻ
എൻ അധ്യാപകർ
കൂട്ടുകൂടാനും , കളിക്കാനും
എൻ സഹപാഠികൾ
ഓർമ്മകൾ നിറഞ്ഞു നിൽക്കും
എൻ വിദ്യാലയം
എന്തു സുന്ദരമാണീ
എൻ വിദ്യാലയം.

Hamda Fathima
III . A

Aysha Henza .P

3.C

കുഞ്ഞി വീട്



എന്റെ സ്വന്തം വീട്
എനിക്ക് ഇഷ്ടം വീട്
എന്റെ സ്വന്തം കുഞ്ഞ് വീട്
എന്റെ വീടിൽ അമ്മ
അച്ചൻ കാക്ക ഞാൻ
എല്ലാരുമുണ്ട് എന്റെ വീട്
ഒ ഞങ്ങൾ സുന്ദര മനോഹരമോ

# കുഞ്ഞി പൂമ്പാറ്റ




Faiha.KK
3A




കുഞ്ഞി പൂമ്പാറ്റേ
കുഞ്ഞി പൂമ്പാറ്റേ.
പാറി പാറി നടന്നോളൂ.
കാറ്റിൽ പാറി രസിച്ചോളൂ.
കുഞ്ഞി പൂവിൻ കവിളത്ത് മുത്തം
നൽകി പൂമ്പാറ്റ.
പൂന്തേനുണ്ണാൻ പോരുന്നോ കുഞ്ഞി പൂമ്പാറ്റേ.
പോരുന്നുണ്ട് പോരുന്നുണ്ട് ഞാൻ പോരുന്നുണ്ട്.
പാറി പാറി രസിച്ചിളെ കുഞ്ഞി പൂമ്പാറ്റേ...

# ചില കൗതുകങ്ങൾ

Fathima Thasni
V.C

ഇംഗ്ലീഷിൽ ഏറ്റവുമധികം സംസാരിക്കപ്പെടുന്ന വാക്ക് I.

ഭൂമുഖത്തെ ജീവികളിൽ 80%വും ചെറു പ്രാണികളാണ്.

a, e, i o u ക്രമത്തിൽ വരുന്ന രണ്ടേരണ്ട് വാക്കുകളേ ഇംഗ്ലീഷിലുള്ളൂ. Facetioues abstemious.

പാചകവാതകത്തിന് മണമില്ല. ഗ്യാസ് ലീക്ക് അറിയാൻ വേണ്ടി ചിത്തമണം അതിൽ ചേർക്കുന്നതാണ്

ലോകത്തിലെ ഏറ്റവും വലിയ പഴം നമ്മുടെ ചക്കയാണ്. ഏറ്റവും വൈവിധ്യമുള്ള പഴം വാഴക്കും

ഒരു തേനീച്ച ഒരു ദിവസം 1500 പൂക്കളിലെങ്കിലും പോയാലേ സ്വന്തം തേൻ പൊതി നിറക്കാൻ കഴിയൂ.

ഉറക്കത്തിൽ നാം നാല്പത് പ്രാവശ്യമെങ്കിലും അനങ്ങുന്നുണ്ട്

നിങ്ങളുടെ കൈമുദ്രപോലെ ഒരു കൈമുദ്ര ലോകത്തിലാർക്കും തന്നെയില്ല.

ഒരു പവൻ സ്വർണ്ണ മുണ്ടാക്കാൻ ഒരു ടണ്ണോളം പാറപൊടി വേണ്ടിവരും.

76 വയസ്സുവരെ ജീവിച്ചിരുന്നാൽ തന്നെ 27400 പകലും രാത്രിയും കാണേണ്ടിവരും

കടൽക്കുതിരയുടെ കയ്യ് അതിന്റെ വാൽ തന്നെ. ഒരു പക്ഷിയുടെ എല്ലാ മുട്ടയും ഒരേ വലിപ്പമാണോ അല്ല, 10-ാമത്തെ മുട്ടക്ക് വലിപ്പം കൂടുതലായിരിക്കും

# അനാഥയായൊരു പെൺകുഞ്ഞ്

5-C
FAthima mirha

ഒരിടത്ത് ദരിദ്രമായ ഒരു കുടുംബത്തിലാണ് നീനു ജനിച്ചത് നീനു ജനിച്ചത്. നീനു ജനിച്ചപ്പോൾ തന്നെ അവളുടെ അമ്മ മരിച്ചുപോയി പിന്നെ അവൾ അമ്മയുടെ സഹോദരന്റെ കൂടെയായി. നീനു ഭംഗിയില്ലാത്ത അവളെ ആർക്കും ഇഷ്ടമായിരുന്നില്ല. അദ്ദേഹവും മരിച്ചപ്പോൾ പിന്നെ അവൾക്ക് ആരും ഇല്ലാതായി വേറെ ആരും അവളെ സംരക്ഷിക്കാൻ തയ്യാറായില്ല. അടുത്തുള്ള കാട്ടിൽ പോയി വിറക് ശേഖരിച്ച് വിറ്റാണ് അവൾ ആഹാരത്തിനുള്ള പണം കണ്ടെത്തിയത്. അങ്ങനെ ഒരു ദിവസം അവൾ ഭക്ഷണം തേടി കാട്ടിലൂടെ പോകുകയായിരുന്നു. അപ്പോഴാണ് ഒരു ജീവിയുടെ കരച്ചിൽ കേട്ടത് അപ്പോൾ അവൾ കരച്ച് ഭാഗിലോട്ട് നടന്നപ്പോഴാണ് അവിടെ ഒരു മാൻകുഞ്ഞ് വേദനിച്ച് പുളഞ്ഞ് കിടക്കുന്നു. അപ്പോൾ അവൾ ആ മാൻ കുഞ്ഞിന്റെ അടുത്തേക്ക് പോയി ആ മാൻകുഞ്ഞിന്റെ ശരീരത്തിൽ അമ്പുകൾ കൊണ്ടിരുന്നു. അപ്പോൾ അവൾ തിരിഞ്ഞു നോക്കിയപ്പോൾ ഒരു രാജകുമാരൻ ആ മാനിനെ അമ്പെയ്യാൻ നോക്കുന്നു. അപ്പോൾ അവൾ പറഞ്ഞു നിർത്തൂ. അങ്ങനെ ചെയ്യരുത് അപ്പോൾ ആ രാജകുമാരൻ അവളെ ഒന്ന് നോക്കിയിട്ട് തിരിച്ചുപോയി. അവൾ ആ മാൻ കുഞ്ഞിനെ സമാധാനിപ്പിച്ചു. പക്ഷേ ആ മാൻ ഒരു സാധാരണ മാൻ അല്ലായിരുന്നു. അത്ഭുത ശക്തിയുള്ള മാനായിരുന്നു. അവളുടെ മുടി മാൻ സ്വർണ്ണമാക്കിമാറ്റി. ഉടനെ തന്നെ ആ മാൻ അപ്രത്യക്ഷമായി. പിന്നീട് കുറേ ദിവസം കഴിഞ്ഞ് ആ നാട്ടിൽ ഒരു പ്രഖ്യാപനം വന്നു. സ്വർണ്ണ മുടിയുള്ളവർക്ക് രാജകുമാരനെ കല്ല്യാണം കഴിക്കാം. അപ്പോൾ ആ നാട്ടിലെ എല്ലാം പെൺകുട്ടികളും കൊട്ടാരത്തിൽ എത്തി. അത്ഭുതം

എല്ലാവരുടേയും മിഴി നിറഞ്ഞിരുന്നു. പിന്നീട് രാജകുമാര
ന് കാര്യം മനസ്സിലായി പിന്നീട് നീനുവിന്റെ മുഖത്തേക്ക്
നോക്കിയ രാജകുമാരൻ അത്ഭുതപ്പെട്ട് മിണ്ടാതെ നിന്നു.
ഒടുവിൽ രാജകുമാരൻ നീനുവിനെ വിവാഹം കഴിക്കുന്നതായി
~~പ്രഖ്യാച്ചു~~. പ്രഖ്യാപിച്ചു.



# തത്തമ്മേ...

തത്തേ തത്തേ തത്തമ്മേ
ഇത്തിരി നേരമിരുന്നോട്ടേ
ഒത്തിരി പാട്ടുകൾ പാടാം
പത്തര മാറ്റിൻ കഥ പറയാം
കൊത്തിത്തിന്നാൻ തന്നിടാം
വിത്തുമണികൾ നെന്മണികൾ!



Fathima Hanna.T 3:A

# ചോണനും മണിയനും

HAsil murad

ഒരു ദിവസം ഒരു നാട്ടിൽ ചോണനും മണിയനും ഉണ്ടായിരുന്നു. അവർ നല്ല ചങ്ങാതിമാരായിരുന്നു. ചോണന് പനി ഉണ്ടായിരുന്നാലും മണിയൻ വരും മണിയന്റെ പനി പിടിച്ചാലും അവർ രണ്ട് പേരും സഹിക്കും. ഒരു ദിവസം ചോണൻ ഒരു വലിയ നദിയിൽ ഒരു വീണുപോയി. അപ്പോൾ മണിയൻ ഒരു ഇലയിട്ടു കൊടുത്തു ചോണൻ അതിൽ കയറി കരയ്ക്ക് വന്നു ശേഷം അവർ രണ്ടു പേരും ആ നദിയിലേക്ക് അടുത്തേക്ക് പോയില്ല അങ്ങനെ അവർ നല്ല ചങ്ങാതിമാരായി

# അണ്ണാറക്കണ്ണനും പൂവാലൻകിളിയും

പണ്ട് പണ്ട് കാട്ടിലുള്ള പുന്നാരി പുഴയുടെ തീരത്ത് ഒരു തേൻ-
വരിക്ക പ്ലാവ് ഉണ്ടായിരുന്നു. ആ പ്ലാവിലാണ് കൂട്ടുകാരായ അ-
ണ്ണാറക്കണ്ണനും പൂവാലൻ കിളിയും താമസിച്ചിരുന്നത്. അവർ ഉറ്റ-
കൂട്ടുകാരായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം തേൻ വരി-
ക്ക പ്ലാവിൽ ഒരു ചക്കയുണ്ടായി. ആ ചക്ക പഴുത്ത് വന്നപ്പോൾ
അണ്ണാറക്കണ്ണൻ പറഞ്ഞു. ഞാനാണ് ഈ ചക്ക ആദ്യം കണ്ടത്.
അതുകൊണ്ട് ഈ ചക്കയുടെ അവകാശി ഞാനാണ്. ഇതുകേട്ട് പൂ-
വാലൻ കിളി പറഞ്ഞു. ഞാനാണ് ഈ പ്ലാവിൽ ആദ്യം താമസ-
ത്തിനു എത്തിയത്. അതുകൊണ്ട് ഈ ചക്കയുടെ ഉടമസ്ഥാവകാ-
ശം എനിക്കാണ്. അങ്ങനെ അവർ തമ്മിൽ വഴക്കായി. പിറ്റേന്ന് കാ-
ട്ടിൽ അതിശക്തമായ കാറ്റും മഴയും ഉണ്ടായി. അതിശക്തമായി വീ-
ശിയ കാറ്റിൽ തേൻ വരിക്ക ചക്ക ഞെട്ടറ്റു പുഴയിലേക്ക് വീണു. അ-
ത് നോക്കി നിന്ന അണ്ണാറക്കണ്ണനും പൂവാലൻ കിളിയും ജാള്യരായി-
പ്പോയി. ഈ കഥയിൽ നിന്ന് നമുക്ക് എന്താണ് മനസ്സിലാകുന്നത് കൂട്ടു-
കാരെ അത്യാഗ്രഹം ആപത്ത്."

# കവിതാശകലങ്ങൾ

FATHIMA SAJA
V: B

"കാഴ്ചകൾ കാണാൻ പോകുന്നവരേ
കാര്യം നമ്മൾ പറഞ്ഞേക്കാം;
കാണണമെന്നു വിചാരിക്കുന്നത്
കാണാൻ ചെന്നാൽ കാണില്ല!"

അക്കിത്തം അച്യുതൻ നമ്പൂതിരി

"നടക്കുന്ന കഥയെല്ലാം കുഴപ്പമാ
നടക്കാത്ത കഥയെല്ലാം വലിപ്പമാ
നടക്കാത്ത നന്നതാക്കി നടിക്കുന്നതിടിപ്പമാ
നന്നിട്ടും നന്നില്ലെന്നു നടിക്കുമ്പോൾ ശരിപ്പമാ

ഒളപ്പപ്പണിക്കർ

"മാമ്പൂ കണ്ടു മദിക്കല്ലേ
മാരിക്കാർ വില്ലിനെ നമ്പല്ലേ
മിന്നലിനെ പിടിപ്പിറക്കാനാൾ
അപജ്ഞാനമിരിക്കുന്നോരു."

ഇടശ്ശേരി

"ഓമനത്തിങ്കൾക്കിടാവോ - നല്ല
കോമളത്താമരപ്പൂവോ ?
പൂവിൽ നിറഞ്ഞ മധുവോ - പരി-
പൂർണേന്ദു തന്റെ നിലാവോ?
പുത്തൻ പവിഴക്കൊടിയോ - ചെറു-
തത്തകൾ കൊഞ്ചും മൊഴിയോ ?

ഇരയിമ്മൻ തമ്പി

FATHIMA SAJA
V. B

സാങ്കൽപ്പിക യാത്രാ വിവരണം

# ആകാശ യാത്ര

രക്ഷാൻ
4B

ഇന്ന് എനിക്ക് മറക്കാനാകാത്ത ദിവസമായി
രുന്നു. കാരണം ഇന്ന് ഞങ്ങൾ പുലർച്ചക്ക്
[redacted] എഴുന്നേറ്റു ഭക്ഷണം കഴിച്ചു കുളി ച്ചു ഒരു.
പെട്ടന്ന് ഒരു ബസ്സ് ആകാശത്ത് നിന്ന് ചിറക് വിരിച്ച്
പറന്ന് വന്ന് ഞങ്ങളുടെ വീടിന്റെ മുറ്റത്ത്
വന്ന് നിന്നു. ഞങ്ങളോട് കയറാൻ പറഞ്ഞു.
ഞങ്ങൾ അതിൽ കയറി. ബസ്സ് നീങ്ങാൻ തുടങ്ങി
മലനിരകളും കെട്ടിടങ്ങളും പിന്നിലാക്കി ബസ്സ്
ആകാശത്തേക്ക് കുതിച്ചുയർന്നു. ആ ആകാശയാത്ര
വളരെ രസകരമായിരുന്നു. ആകാശത്ത് നിന്ന്
വാഹനങ്ങൾ നോക്കുമ്പോൾ ഉറുമ്പ് പോലെ പുൽമേ
ട് നീല തുണി പോലെ. കുറച്ച് നേരത്തെയാത്രക്ക്
ശേഷം ആകാശത്തുള്ള ഒരു സ്കൂളിൽ ഞങ്ങളെ
എത്തിച്ചു. അവിടെ ചെന്നപ്പോൾ ഞങ്ങൾ
ശരിക്കും ഞെട്ടി കാരണം ആകാശത്ത് പൊങ്ങിയി
ച്ച ഗ്രഹങ്ങളിലും പല നിറത്തിലുള്ള ക്ലാസ്മുറി
കളും നിറഞ്ഞ ഒരു വിദ്യാലയം. ഞങ്ങൾ
ആ വിദ്യാലയം മുഴുവൻ ചുറ്റി കണ്ടു. കുറ-
ച്ച് നേരം കഴിഞ്ഞപ്പോൾ സന്ധ്യയായി.
പെട്ടെന്ന് ആ ബസ്സ് വന്ന് ഞങ്ങളെ
തിരിച്ച് വീട്ടിലെത്തിച്ചു, വീട്ടിലെത്തിയപ്പോൾ
വീട്ടുകാരോട് നടന്ന കാര്യങ്ങൾ പറഞ്ഞു.
ശേഷം അടുത്ത ദിവസം ഞങ്ങൾ കൂട്ടു-
കാരോടുമായി യാത്ര വിശേഷങ്ങൾ പങ്ക് വെച്ചു

# SHORT POEMS

FATHIMA WAFIYA
V.B

## Love

Love is not grand word
But a hand that stay's
when the world
walk away

## Hope

when night feel long and cold
Hope whisper " whait
morning is already
on its way

## Faith

Faith is believing
Before the miracle appear
Trusting the light
even through tear's

## Sadness

Sadness is a quiet room
where memories sit and story
Theaching the heart
what Joy one means

## Life

Life is falling rising
Learning as we go
Breaking into piece
and still choosing to grow

## Nature

The tree's speak in silence
The sky listerns wide
Nature heals hearts
whithout asking why?

FATHIMA WAFIYA
V.B


കഥ

ഫാത്തിമ ഷാദ്‌ല
4.B

# വിജയ സൂത്രം

ഒരു കാട്ടിൽ കുറേ ഏറെ തവളകൾ ഭക്ഷണം തേടി പോവുകയായിരുന്നു. അങ്ങനെ അപ്രതീക്ഷിതമായി നാല് തവളകൾ ഒരു വലിയ കുഴിയിൽ വീണു. അത് കണ്ട മറ്റു തവളകൾ കുഴിയുടെ ചുറ്റും നിന്ന് പറഞ്ഞു. അയ്യോ... ഈ കുഴി നല്ല വലുതാണല്ലോ? ഇതിൽ നിന്ന് രക്ഷപ്പെട്ടു വരാൻ ഒരിക്കലും സാധിക്കില്ല. നിങ്ങൾ നാലു പേരും ഇതിൽകിടന്ന് മരിക്കുക തന്നെ ചെയ്യും. അപ്പോൾ ഞങ്ങൾ ഞങ്ങളുടെ യാത്ര തുടരട്ടെ എന്ന് പറഞ്ഞ് അവർ പോയി. ഇത് കേട്ട നാലിൽ മൂന്ന് തവളയും കരഞ്ഞു. പക്ഷേ നാലാമത്തെ തവള ഇത് ഒന്നും ശ്രദ്ധിക്കാതെ കുഴിയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ച് ശ്രമിച്ച് അങ്ങനെ ഒരു ദിവസം അവൻ കുഴിയിൽ നിന്ന് രക്ഷപ്പെട്ടു. അത് കണ്ട

മൂന്ന് തവളകൾ പറഞ്ഞു. ഇതെങ്ങനെ നിനക്ക്
സാധിച്ചു അപ്പോൾ നാലാമത്തെ തവള പറഞ്ഞു.
പിൻതിരിപ്പൻ അഭിപ്രായങ്ങൾ പറയാൻ നമ്മു
ക്ക് ചുറ്റും കുറെ പേര് കാണും അത് പോ-
ലെയുള്ള പിൻതിരിപ്പൻ അഭിപ്രായങ്ങൾക്ക്
ചെവി കൊടുക്കാതെ ഇത് പോലെ പരിശ്ര-
മിക്കുകയും മുന്നോട്ട് പോവുകയും ചെയ്യുക.
ഇതാണ് വിജയത്തിന്റെ സൂത്രം.




Fathima Shahza.
V. B.

Fathima Shahza-C 4B

# കൂട്ടുകാരി

എനിക്കൊരു പ്രിയമുള്ളൊരാ-
രാളുണ്ടെനിക്ക്..
എന്റെ കുഞ്ഞാടിയാണവൾ
വഴി കൂട്ടിയാണവൾ
ചില നേരങ്ങളിലും പിണക്കം
നടിക്കുന്നവൾ
എന്നാലും എനിക്കൊരു
പ്രിയമാണെന്റെ
കൂട്ടുകാരിയെ !....

— ഫാത്തിമ റെബ.പി
I-A



# മലമ്പുഴയിലേക്കൊരു യാത്ര


NIHA ZENNA
V. C.

വളരെ കാത്തിരുന്ന ആ ദിവസം വന്നെത്തി. അന്നെനിക്ക് സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ദിവസമായിരുന്നു. ഞങ്ങൾ ഫാമിലിയുമായി പോകുന്ന ആദ്യത്തെ യാത്ര കൂടിയായിരുന്നു അന്ന്. തലേദിവസം തന്നെ യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ ഞങ്ങൾ പൂർത്തിയാക്കി. പുലർച്ച അഞ്ച് മണിക്ക് ഞങ്ങൾ യാത്ര പുറപ്പെട്ടു. പാലക്കാട് ജില്ലയിലെ മലമ്പുഴ ഡാമിലേക്കാണ് യാത്ര പുറപ്പെട്ടത് 9 മണിയോട് കൂടി ഞങ്ങൾ അവിടെ എത്തിച്ചേർന്നു. അടുത്തുള്ള ഒരു ഹോട്ടലിൽ നിന്ന് ഞങ്ങൾ പ്രാതഭക്ഷണം കഴിച്ചു. തുടർന്ന് ഞങ്ങൾ ഡാമിനെ ലക്ഷ്യം വെച്ച് നീങ്ങി.

പ്രകൃതി ഭംഗിയാൽ അതി മനോഹരമായ ഒരു ഉദ്യാനം തന്നെയാണ് മലമ്പുഴ. വൈവിധ്യമേറിയ പുഷ്പങ്ങളും ചെറിയ കുളങ്ങളും മലമ്പുഴയിലെ അതി മനോഹരമായ കാഴ്ച്ചകളാണ്. പ്രശസ്ത ശിൽപിയായ കാനായി കുഞ്ഞിരാമൻ നിർമ്മിച്ച ശിൽപ ഭംഗിയാൽ ഞങ്ങളിൽ കൗതുകമുണർത്തി.

കൂടാതെ ഇവിടത്തെ റോപ്പ് വേയിലൂടെ ഉള്ള യാത്ര വളരെ രസകരം നിറഞ്ഞതാണ്. മുകളിൽ നിന്ന് താഴേക്ക് നോക്കിയാൽ ഉള്ള അവിടത്തെ കാഴ്ച്ച അതി മനോഹരമാണ്. പിന്നീട് അവിടെ കാണാൻ സാധിച്ചത് ഒരു ഭീമൻ മത്സ്യത്തിന്റെ ആകൃതിയിലുള്ള അക്വേറിയമാണ്. മത്സ്യത്തിന്റെ വായിലൂടെയാണ് ഞങ്ങൾ അക്വേറിയത്തിൽ പ്രവേശിച്ചത്. വിവിധ തരം മത്സ്യങ്ങളും മറ്റും അവിടെ കാണാൻ സാധിച്ചു. അപ്പോൾ ഞാൻ ആലോചിച്ചു

ഇതു പോലെ ഒരു സമയം ഇനി ജീവിതത്തിൽ കിട്ടാൻ സാധിക്കു-മോ? ഞങ്ങൾ ഡാമിനു മുകളിലൂടെ കുറെ ദൂരം നടന്നു. അതി-വിശാലമായി പരന്ന് കിടക്കുന്ന ഡാമിന്റെ ഭംഗി കണ്ണിനേറെ കുളിർമ-യേകുന്ന ഒരു കാഴ്ചയായിരുന്നു. പിന്നീട് ഞങ്ങൾ സന്തോഷത്തോ-ടെ വീട്ടിൽ മടങ്ങി.



HADI
MUHAMMED
V A

# സൗഹൃദത്ത് ബന്ധം

ഒരു ദിവസം ഒരാൾ പുഴയരികിലൂടെ നടന്നു പോവുകയായിരുന്നു. അയാൾക്ക് പുഴ കണ്ടപ്പോൾ മീൻ പിടിക്കാനുള്ള മോഹം. അയാൾ ഉടനെ തന്നെ വീട്ടിൽ പോയി ചൂണ്ടയുണ്ടാക്കാൻ തുടങ്ങി. പക്ഷേ അയാൾക്ക് ചൂണ്ടയുണ്ടാക്കുന്നത് എങ്ങനെയാണ് എന്ന് അറിയില്ല. അയാൾക്ക് എവിടുന്നോ കിട്ടിയ ഒരു ഉണങ്ങിയ കൊമ്പ് കൊണ്ട് ഒരു ചൂണ്ടയുണ്ടാക്കി. എന്നിട്ട് പുഴയരികിൽ പോയി മീൻ പിടിക്കാൻ തുടങ്ങി. പെട്ടെന്ന് ആ ചൂണ്ട ഒടിഞ്ഞുപോയി. അപ്പോൾ അയാൾക്ക് ദേഷ്യം വന്നു. എങ്കിലും മീൻ പിടിക്കണം എന്ന് വാശിയായി.

അയാൾ അയാളുടെ കൂട്ടുകാരന്റെ അടുത്ത് പോയി കൂട്ടുകാരനെയും വിളിച്ച് പുഴയരികിൽ വന്ന് മീൻ പിടിക്കാൻ തുടങ്ങി. കൂട്ടുകാരന് രണ്ടോ മൂന്നോ മീനുകൾ കിട്ടി. പക്ഷേ അയാൾക്ക് കിട്ടിയതാണെങ്കിലോ ഒരു ചെറിയ മീനും. ആ കുഞ്ഞുമീൻ പിടയുന്നത് കണ്ട് അയാൾക്ക് പാവം തോന്നി. അയാൾ ആ മീനിനെ വിട്ടയച്ചു. ഇത് കണ്ട കൂട്ടുകാരന് ദേഷ്യം വന്നു. അവൻ അവനോട് തർക്കിച്ച് കിട്ടിയ മീനുമായി വീട്ടിലേക്ക് പോയി.

പോകുന്ന വഴിയിൽ അവൻ ഒന്ന് വഴുതി വീണു. അതു കണ്ട അയാൾ കൂട്ടുകാരന്റെ അടുത്തേക്ക് ഓടി പോയി. അവൻ നല്ല പരിക്ക് പറ്റിയിരുന്നു. അയാൾ ഒരു പച്ചില മരുന്ന് പറിച്ച് കൊണ്ട് വന്ന് കൂട്ടുകാരന്റെ മുറിവിൽ വെച്ചു കൊടുത്തു. കൂട്ടുകാരൻ ആശ്വാസമായി. കൂട്ടുകാരൻ അവൻക്ക് കിട്ടിയ ഒരു മീൻ അയാൾക്ക് കൊടുത്തു. രണ്ട് പേരും ഒരുമിച്ച് സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.


# മൈസൂരിലേക്ക്....

ഒരു ദിവസം ഞാനും എന്റെ ഉമ്മയും മൂത്തമ്മയും കൂടി മൈസൂരിലേക്ക് പോയി. രാത്രി ബസ്സിൽ ആയിരുന്നു പോയത്. എന്റെ മാമന്റെ വീട് അവിടെയാണ്. പോകുമ്പോൾ ഞാൻ നല്ല ഉറക്കമായിരുന്നു. പുലർച്ചെ അവിടെ എത്തി. ഞങ്ങളെ കാത്ത് മാമനും ഹഫ്സീനും ഉണ്ടായിരുന്നു. വീട്ടിലെത്തി കുറച്ച് വിശ്രമിച്ചു. ശേഷം അടുത്തുള്ള ഒരു മാളിലേക്ക് ആദ്യം പോയത്. എനിക്ക് ഒരു വെള്ള ഷൂ വാങ്ങി. വൈകുന്നേരം ഞങ്ങൾ കാറിൽ ചാമുണ്ഡിഹിൽ കാണാൻ പോയി. നല്ല രസമുണ്ടായിരുന്നു അവിടെ. വലിയ ഒരു മലയുടെ മുകളിൽ ഒരു ക്ഷേത്രം അവിടുണ്ട്. ഞങ്ങൾ ബജ്ജിയും ഐസ് ക്രീമെല്ലാം കഴിച്ചു. അടുത്ത ദിവസം രാവിലെ മൈസൂർ zoo കാണാൻ പോയി. ഒരുപാട് പക്ഷികളേയും മൃഗങ്ങളേയും മീനുകളേയും ഇതുവരെ കാണാത്ത ആമകൾ, മുതലകൾ ഒക്കെ കണ്ടു. മൈസൂർ കൊട്ടാരവും കണ്ടു. വലിയ കൊട്ടാരം നടന്നു മതിയായി. നല്ല രസമായിരുന്നു.. രണ്ട് ദിവസം അടിച്ചുപൊളിയായി. തിരിച്ച് കാട്ടിലൂടെ കാറിൽ വന്നു വരുമ്പോൾ ഒരുപാട് ആന, പോത്ത്, മാൻ കുരങ്ങന്മാർ ഒക്കെ കണ്ടു.

സൂപ്പർ യാത്ര.

യാത്രാ വിവരണം

അലൻ ബെഹ്റാം. P K
III : C



# HAPPY

RAHZA RAYAN
V.B

Every day brings and cheer
smiles grow wide no Place for fear
Laugh out loud lethearts befree
Life is sweet just come and see!

Bright hopes dance in skies so blue
Every smile feels fresh and new
step by step let joy unfold
Life's small moments turn to gold.



RAHZA RAYAN
V.B

# മാന്ത്രിക ഷൂസ്

FATHIMA FILZA
V:B

ഒരു പട്ടണത്തിൽ ഭാവിക എന്ന ഒരു പെൺകുട്ടി ഉണ്ടായിരുന്നു. എന്നാൽ അവൾ മുടന്തി ആയിരുന്നു. അവൾ ഡാൻസ് കളിക്കുന്നതായിട്ടും ഓടുന്നതായിട്ടും അവൾ എന്നും സ്വപ്നം കാണും. എന്നാൽ രാവിലെ എഴുന്നേൽക്കുമ്പോൾ താൻ മുടന്തിയാണെന്ന് മനസ്സിലാവുന്നത് ഭാവിക അച്ഛനും അമ്മയും പറയുന്നതെല്ലാം അനുസരിക്കും. പച്ചക്കറി കഴിക്കും, ഹോംവർക്ക് ചെയ്യും, ചെടികൾക്ക് വെള്ളം നനയ്ക്കും. അതുകൊണ്ട് അവർ ഭാവികയെ വളരെ അധികം സ്നേഹിച്ചു.

അച്ഛനും അമ്മയും അവളെ സന്തോഷിപ്പിക്കാൻ പലതും ചെയ്തു. ബീച്ചിൽ കൊണ്ടുപോകും പാർക്കിൽ കൊണ്ടുപോകും, പക്ഷേ അവൾക്ക് കൂട്ടുകാർ ആരും ഇല്ലായിരുന്നു. അപ്പോൾ ഒരു ദിവസം ടീച്ചർ ബോർഡിൽ എഴുതി സ്പോർട്സ് ഡേ. ടീച്ചർ പറഞ്ഞു എല്ലാ കുട്ടികളും പങ്കെടുക്കണം. അപ്പോൾ ഒരു കുട്ടി പറഞ്ഞു എല്ലാവരും ഓടും ഭാവികക്ക് ഓടാൻ പറ്റില്ല. അവൾ വിഷമത്തോടെ ഗ്രൗണ്ടിലേക്ക് പോയി. അവൾ ഒരു കിളിയുടെ ശബ്ദം കേട്ടു. അവൾ ചുറ്റുപാടും നോക്കി. അപ്പോൾ അവൾ ഇരിക്കുന്ന ബെഞ്ചിന്റെ അടിയിൽ നിന്നാണ് ശബ്ദം. അവൾ ആ കിളിയെ എടുത്തു ബെഞ്ചിന്റെ മുകളിൽ വച്ചു. ആ കിളി ആ കിളിയുടെ കൂട്ടിലേക്ക് പോയി. അമ്മ കിളിക്ക് കുട്ടിയെ കണ്ടപ്പോൾ വളരെ സന്തോഷമായി. സന്തോഷം കൊണ്ട് അമ്മ കിളി അവൾക്ക് ഒരു സമ്മാനം കൊടുത്തു. എന്നിട്ട് പറഞ്ഞു നീ എന്റെ കുഞ്ഞിനെ സഹായിച്ചതിൽ നിനക്ക് ഞാൻ ഒരു സമ്മാനം നൽകുന്നു. അത് ഒരു സ്വർണ ഷൂസ് ആയിരുന്നു. അവൾ പറഞ്ഞു ഞാൻ മുടന്തി അല്ലേ എനിക്ക് ഈ ഷൂസ് ഇട്ട് നടക്കാൻ കഴിയില്ല. അപ്പോൾ അമ്മ കിളി പറഞ്ഞു ഇത് സാധാരണ ഷൂസ് അല്ല. മാന്ത്രിക ഷൂ ആണ്. ഇത് ഇട്ടാൽ നിനക്ക് നടക്കാൻ കഴിയും. അവൾ ആ ഷൂസ് ഇട്ട് നടന്നു അവൾക്ക് നല്ല സന്തോഷമായി. അവൾ ആ ഷൂസ് ഇട്ട് ഏതു ദിവസം സ്പോർട്സിൽ പങ്കെടുത്തു. അവൾക്ക് തന്നെ ഫസ്റ്റ് കിട്ടി. അവൾക്ക് സന്തോഷമായി.

ഇതിൽ നിന്ന് നിങ്ങൾക്ക് എന്ത് മനസ്സിലായി-
നാം ഒരാളെ സഹായിച്ചാൽ നമ്മൾക്കും സഹായം ലഭിക്കും.

Fathima filza . T 5.B

# "ഓർമ്മകളിൽ കുറ്റിപ്പാല"



2007 സെപ്റ്റംബർ 12-ാം തീയതി കുറ്റിപ്പാല ജി.എം.എൽ.പി. സ്കൂളിൽ join ചെയ്യുമ്പോൾ ഇനിയുള്ള 19 വർഷങ്ങൾ ഈ സ്കൂളിലാണെന്ന് തെല്ലും വിചാരിച്ചിരുന്നില്ല. എന്റെ ജീവിതത്തിന്റെ സിംഹഭാഗവും കുറ്റിപ്പാല തന്നെയായിരുന്നു. എന്റെ നാട്ടുകാരേക്കാൾ കൂടുതൽ പരിചയക്കാർ എനിക്ക് കുറ്റിപ്പാലയിലാണുള്ളത്. ഞാനും എന്റെ കുടുംബവും ഇവിടെയായിരുന്നല്ലോ താമസം. ഞാൻ പഠിപ്പിച്ച കുഞ്ഞുമക്കൾ, രക്ഷിതാക്കൾ, നാട്ടുകാർ പറഞ്ഞറിയിക്കാൻ പറ്റാത്ത വിധത്തിലുള്ള സ്നേഹമുള്ളവരാണ്.

ഞാൻ join ചെയ്തപ്പോൾ സ്കൂൾ H.M മോഹൻ.സി. ജോസഫ് മാഷായിരുന്നു. പിന്നീട് ശ്രീ. രജനി ടീച്ചർ, ലൂസിയാമ്മ ടീച്ചർ, ബാലകൃഷ്ണൻ മാഷ്, മിനി ടീച്ചർ, ഇപ്പോഴത്തെ സലാം മാഷ് എന്നീ പ്രഗത്ഭരായ H.M മാരുടെ കീഴിൽ ജോലി ചെയ്യുവാനുള്ള ഭാഗ്യം ഉണ്ടായി. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള അദ്ധ്യാപകരായിരുന്നു

എന്റെ സഹപ്രവർത്തകർ. ഇവരുടെയെല്ലാം സ്നേഹവും വാത്സല്യവും അനുഭവിക്കാൻ എനിക്ക് കഴിഞ്ഞു. എന്റെ സഹപ്രവർത്തകർ തന്ന പിന്തുണ അത്രക്ക് വലുതായിരുന്നു: എനിക്ക് എന്റെ സ്വന്തം വീടുപോലെ തന്നെയാണ് സ്കൂൾ. എന്ത് വിഷമമുണ്ടായാലും അത് സ്കൂളിൽ വന്നാൽ മാറിയതായി അനുഭവപ്പെടാറുണ്ട്. കുറ്റിപ്പാല അങ്ങാടിയിലുള്ളവരുടെ പെരുമാറ്റം കാണുമ്പോൾ ഞാൻ ഈ നാട്ടുകാരിയാണോ എന്നുപോലും ചില സമയങ്ങളിൽ തോന്നിയിട്ടുണ്ട്. അത്രയും കരുതലാണ് ഇവിടുത്തെ നാട്ടുകാർക്ക്.

ഓരോ ഉദ്യോഗസ്ഥർക്കും സമയമാകുമ്പോൾ സർവ്വീസിൽ നിന്നും പിരിഞ്ഞുപോയല്ലേ മതിയാകൂ. അങ്ങിനെ ഞാനും ഈ മാർച്ച് 31ന് ഈ വിദ്യാലയത്തിൽ നിന്നും റിട്ടയർ ചെയ്യുന്നു.

കുറ്റിപ്പാലക്കാർ തന്ന സ്നേഹവാത്സല്യം എന്നും മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ഞാൻ ജി.എം.എൽ.പി. എസിനോടും കുറ്റിപ്പാലയോടും ഔദ്യോഗികമായി വിട പറയട്ടെ.

- ജിഷ. കെ. കെ.



സ്വാതന്ത്ര്യം

അബ്ദുസ്സലാം കാഞ്ഞി

പിറവിയുടെ
ഒരു ഞാൻ പത്താമാണ്ടിലും
ഒത്തിരി തിരക്കുകളില്ലാത്ത നാണത്തിന്റെ സ്വപ്നം
ഒത്തിരി തിരക്കുകളില്ലാത്ത നാണത്തിന്റെ സ്വപ്നം

എല്ലാത്തിനും
ഞാനൊരു പരിഹാരം കണ്ടെത്തി
ഒന്നു കൂടാനും തോന്നി നിൽക്കാനും
ഉടക്കാ സ്വാതന്ത്ര്യത്തിൽ

സകലരുടെ സ്വപ്നങ്ങളും
ഒട്ടും തോന്നിയും
ചിലതു നുകർന്നു
എന്റെ സ്വപ്നങ്ങളാക്കി

ഇപ്പോൾ
നാട്ടിലെ സ്വപ്നങ്ങളൊക്കെ
എന്റേതു കൂട്ടിലാണ്
ഞാൻ തന്നെ പരിഹരിക്കേണ്ടതാണ്

ഇപ്പോൾ
ഒട്ടും തോന്നിയും
എനിക്കുമൊത്തിരി സ്വപ്നങ്ങളായി
എനിക്കുമൊത്തിരി തിരക്കുമായി

— ~ —

കവിത

ഷാഹില.പി.കെ
അധ്യാപിക.

## കഥ [illegible]

കാതുകൾ തേടിയൊരു കഥ
കൂടു വിട്ടിറങ്ങി.
കാതങ്ങൾ അലഞ്ഞലഞ്ഞ്
കഥയൊരു കാറ്റിൽ കയറി.
ആളില്ലാത്തൊരു മരത്തിണ്ണയിൽ
കാറ്റും കഥയും പകച്ചു നിന്നു.
കലപില നിറഞ്ഞ പള്ളിക്കൂട വരാന്തയിൽ
കഥ, കണ്ണുനീരൊഴുക്കി തളർന്നിരുന്നു.
കുന്നിൽ കണ്ണുകോർത്ത ആൽമരച്ചോട്ടിൽ
കഥ വെറുതെ വഴക്കാളിയായി.
ആശയോടെ ചായമക്കാനിയിൽ ഓടിക്കയറിയ
കഥയെ,
കാറ്റ് നിർദ്ദയം വഴിതിരിച്ചു.
ഓടിത്തളർന്ന കഥ, ത്രിസന്ധ്യയ്ക്കൊരു
വീട്ടിനകത്തു നുഴഞ്ഞു കയറി.
ഇല്ലാക്കഥ കേട്ട് നാണം കെട്ട കഥ
കള്ളനെപ്പോലെ തലകുനിച്ചു.
ഇറങ്ങിയിരിക്കാൻ കാതു കിട്ടാത്ത കഥയെ
ഒടുവിൽ കാറ്റും കൈവിട്ടു.
കഥയില്ലാത്തവരുടെ കഥകളായി
പാവം കഥ, തനിയെ, തിരിഞ്ഞു നടന്നു.

# മനോരോദനം

ആ പേമാരിയും തോർന്നു പോയ്
കാലയവനികയ്ക്കുള്ളിൽ മറഞ്ഞു പോയ്
എന്നാൽ ചൊല്ലുക കാലമേ നീ
നിൻ ജാലവിദ്യകൾക്കാകുമോ
എന്നുള്ളിൽ തോരാത്ത പെയ്യുമീ
മാരിയെ ശമിപ്പിക്കുവാൻ
ആ ഗ്രീഷ്മവും മാഞ്ഞു പോയ്
സമയമാം രഥത്തിൽ ഒളിച്ചേ പോയ്
എന്നാൽ മൊഴിയുക നേരമേ നീ
നിൻ മാന്ത്രിക വേലകൾക്കാകുമോ
താപത്താൽ വേവുമീ
മനത്തെ കുളിർപ്പിക്കുവാൻ

ഗ്രീഷ്മ തോമസ്

## തത്തമ്മ

തത്തമ്മ കുഞ്ഞേ

തത്തമ്മ കുഞ്ഞേ.
തത്തി തത്തി പാടുകയാണോ.
നീ പാടുന്ന പാട്ടേത്
നിന്റെ പാട്ടിന്റെ ശ്രുതിയേത്
അഴകാർന്ന പച്ചക്കുപ്പായവും
നിന്റെ കുഞ്ഞുകാലും നയനങ്ങളും
ചുവന്ന തൊണ്ടിപ്പഴം പോലുള്ള
ചുണ്ടും നൽകിയ
ഈശ്വരനെയിന്നും
സ്തുതിക്കയാണോ ?
നീ ഈശ്വരനെ സ്തുതിക്കയാണോ...

കൃഷ്ണേന്ദു രവീന്ദ്രൻ.

# A TEACHER'S LIGHT

Rita Aloysious

A teacher's hand shows where to go,
when minds are young and
hearts don't know.

With gentle words and patient
care, they plant bright dreams
everywhere.

A student learns, not just read,
But how to hope, and how to lead.
Through every fall, through every start,
A teacher shapes the growing heart.



This bond is built on trust,
and grace
A guiding light through time
and space
Forever strong, forever true
A teacher's love sees
students through.

RITA ALOYSIOUS

## അന്നുപെയ്ത മഴ.

പൂമരത്തിൻ ഗന്ധമാണെന്ന്
നിന്നോടുരച്ചതെന്നും
ചുട്ടുപഴുത്ത മനസിൽ
ആർദ്രമാം മഴത്തുള്ളിപോൽ
നിൻ സ്പർശനമേറ്റതും
ഗൃഹാതുരത്വം പേറുന്നൊരു
ഗന്ധമുണർന്നതും നീയറിഞ്ഞില...
മേഘത്തിൻ ദാഹം വർഷമായ്
പെയ്തിറങ്ങുമ്പോൾ , നിന്റെ
വരവിനായ് വേഴാമ്പൽ പോൽ
കാത്തിരുന്നതും നീയറിഞ്ഞില...
പോയകാലത്തിൽ നാലുകെട്ടിലിരുന്നു
നൂൽമഴയാസ്വദിച്ചപ്പോഴും
എനിക്കിഷ്ടമായിരുന്നു മത്തുപിടിക്കുന്നൊരീ
സുഗന്ധം, പൂമരത്തിൻ സുഗന്ധം.
വീണ്ടുമൊരു ആഷാഢത്തിൽ
ആർദ്രമാം മഴത്തുള്ളിയെന്നിൽ
ഓർമ്മകൾ മുട്ടിവിളിക്കുമ്പോൾ
ഓർത്തില്ലൊരിക്കൽ നീ വീണ്ടുമെന്നിലെത്താൻ
എൻ ജാലകവാതിൽ തള്ളിത്തുറക്കുമെന്ന്!

ശാലിനി. വി. മേനോൻ.

# നിനക്കായ് മാത്രം ഞാൻ സൃഷ്ടിച്ചു

ആരോരുമറിയാതെ ആരോടും മൊഴിയാതെ
ഞാൻ കാത്തു നിന്നെ എൻ ഹൃത്തിൽ
കണ്ടനാൾ തോന്നിയൊരാ സ്നേഹം
കടലോളം പരന്നു എൻ നെഞ്ചകത്തിൽ.

ജീവിതത്തിൻ നേരം കയ്പനുഭവങ്ങളിൽ
നിൻ സാമീപ്യം എന്നുള്ളം കുളിർപ്പിച്ചു.
നിൻ മൗനമെൻ മാനസ തളികയിൽ
നോവായ് അലയടിക്കുന്നു.
ഇന്നും നീയെൻ ജീവിത പാതയിൽ
സഹയാത്രികയായ് തുടരുന്നു.

എത്രനാൾ നിൻ മുഖമെൻ നയനങ്ങൾ
ദർശിക്കുമെന്നെനിക്കറിയില്ലെങ്കിലും
ഒന്നെനിക്കറിയാം എന്നന്തരംഗത്തിൽ
നിൻ രൂപമെന്നും മായാശില്പിയായ് നിലകൊള്ളും.
വേർപിരിയാൻ നാളുകൾ വിദൂരമല്ലെങ്കിലും
ആശിച്ചു ഞാനെന്നും നിൻ കൂടെയായിരിക്കാൻ.

നിബി ബെഞ്ചമിൻ

# സൗഹൃദപ്പൂക്കൾ

എൻ ഹൃത്തിൽ
ചേക്കേറിയ നിൻമുഖം
സൗഹൃദപ്പൂക്കൾ വിരിച്ചപ്പോൾ
അകതാരിൽ അലയടിച്ചു
സ്നേഹപ്പൂക്കൾ തൻ സുഗന്ധം
കുളിർതെന്നലായ്
ഒഴുകിയെത്തി എൻ —
മനതാരിൽ തൊട്ടിട ചങ്ങാത്തം
വിതുമ്പുന്ന നേരമരികെ....
തലോടലാൽ ശാന്തമാക്കുന്ന
സ്നേഹസ്പർശമായ് സൗഹൃദം.
ഹർഷപുളകിതമാം
നിമിഷങ്ങളതിൽ
ഒന്നായ് രമിക്കുന്നതും സൗഹൃദം
എന്നെന്നും കൂട്ടായ് കൂടപ്പിറപ്പായ്
ചാരെ നിഴലായ്
തിരിതെളിയിക്കുന്നതും സൗഹൃദം.

ഹസീന.

## വിപ്ലവത്തിന്റെ സാക്ഷി.

മഴപെയ്തു തോർന്ന ആകാശത്തേക്ക്
വെറുതെ കണ്ണൊന്നു പായിച്ചനേരം
ആരും പറയാത്തതെന്തോ
മേഘങ്ങൾ പറഞ്ഞുതുടങ്ങി.
ഓർമ്മയുടെ ചിതലരിച്ച കോണിൽ
എങ്ങോ കോറിയിട്ടൊരു സ്വപ്നം
പതുക്കെ കൊഴിഞ്ഞുവീണു.
എന്റെ ഹൃദയത്തെ മേഘങ്ങൾക്ക്
സമ്മാനിച്ച് ഞാൻ ചിറകുവിടർത്തി.
ഇനി പറന്നുതുടങ്ങണം
ആകാശഗംഗയിലെ തിളങ്ങുന്ന
നക്ഷത്രമാകണം...

ബിജി. R.

# കൂട്ട്

ആരോരുമില്ലാത്ത നേരത്ത്
ആരുമേ കാണാതെ വന്നു
നീയെൻ ചാരെ...
അരികിൽ നീ വന്നപ്പോൾ
ഞാൻ പോലുമറിയാതെ
ആരെല്ലാമോ ആയല്ലോ
നീ പതിയെ....
പറയുവാൻ കേൾക്കുവാൻ
ഏറെപ്പേരുണ്ടെന്നാലും
നിൻ മൊഴി കേൾക്കാൻ
ഞാൻ കാതോർത്തിരുന്നു.
കളിയും ചിരിയും നിറഞ്ഞൊരുകാലം
എന്തേയോ വേഗം കടന്നുപോയ്
പതിയെ നീ അകന്നുപോയിടുമ്പോഴും
കാലങ്ങൾ പലതും കടന്നു പോയിടുമ്പോഴും
എന്നിലെ നീ നീയായി തുടർന്നിടട്ടെ...


അനുഷ · T R



FATHMA RASHA
V: B

ഫാത്തിമ ഹസ്ന
VI A





RAHZA RAYAN
V:B
RAHZA RAYAN
V:B

SINAN M.K
V: B




sinan.mk

SINAN M.K
V.B



Fathima Thasni
V.C.

Fathima Riya KUNNATH 4A






STD - 2.A

Sabeeh






Haris


Sabeeh - V·C




എന്റെ ചിത്രം
ADI RAZAN
I.A.



UMAIR Zaman-k III-B



അവന്തിക. പി

2 : A

MUHAMMED RISHIN
V:B




MUHAMMED RISHIN
V.B



AYISHA HADIYA
STD - 2.A.


INA FATHIMA
II.B.

FARHA FATHIMA
V: B





Farhafathima c.p




ATHMIKA C.T. V.B

96

ATHMIKA · CT . V . B


I B

Ina fathima.T 2-B





Sabeeh
SABEEH · V · C



Mu. Shaxin
V.C


Mu.Shazin
Mu.Shazin
5.C

FATHIMA FELLA K 1B



# الحَدِيقَةُ الجَمِيلَةَ





ഫാത്തിമ ഷൻവ 1B

ZISHAN · III·B

Tom and Jerry



Thank You...